**അടിയന്തര പ്രമേയം**

**നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന**

മി. സ്പീക്കർ: സംസ്ഥാനത്തെങ്ങും പൂഴ്ത്തിവയ്പും കരിഞ്ചന്തയും അഴിമതിയും തകൃതിയായി തുടരുകയും വൈദ്യുതി, വെള്ളം, ബസ്സ് എന്നിവയുടെ ചാർജ്ജ് വർദ്ധനയോടൊപ്പമുള്ള വിലകയറ്റം ജനജീവിതം ദുസ്സഹമാക്കുകയും സർക്കാർ നിസ്സംഗത തുടരുകയും ചെയ്യുന്നതിനാൽ സംജാതമായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. തിലോത്തമൻ, മാത്യൂ. ടി. തോമസ്, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ, ശ്രീമതി കെ. കെ. ലതിക എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഇന്ന് പൊതുവിപണിയിൽ അനുഭവപ്പെടുന്നതായി പറയപ്പെടുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സത്വര നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ സന്ദർഭങ്ങളിലൊക്കെ ചെയ്തതിനേക്കാൾ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ച് പൊതു വിപണിയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇടപെടുന്നുണ്ട്. ജനങ്ങൾക്ക് ആശ്വാസം നൽകാൻ അതുവഴി സാദ്ധ്യമാകുന്നുണ്ട്.

വിവിധ ബ്രാന്റഡ് അരികൾക്ക് വില വർദ്ധിച്ചിട്ടുണ്ട്, ഇല്ലെന്ന് ഞാൻ പറയുന്നില്ല. അടിയന്തരപ്രമേയ നോട്ടീസിൽ അരിയുടെ വില 52 രൂപയായി എന്നു സൂചിപ്പിക്കുകയുണ്ടായി. ബ്രാന്റഡ് അരിക്ക് ആ വില ഉണ്ടാകാം.

പക്ഷെ സാധാരണ അരി 40 രൂപയ്ക്കും 42 രൂപയ്ക്കും വിപണിയിൽ ലഭ്യമാണ്. ബ്രാന്റഡ് അരിക്ക് വില വർദ്ധിക്കുമ്പോൾ, സാധാരണ അരിയുടെ വില വർദ്ധനവാണെന്ന നിലയിൽ ചിത്രീകരിക്കുന്നത് നിർഭാഗ്യകരമാണെന്ന് ഞാൻ സൂചിപ്പിക്കട്ടെ. അരി വില നിയന്ത്രിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ 'അരിക്കട' എന്ന പദ്ധതിക്ക് തുടക്കം കുറിക്കുകയും കൃത്യതയോടുകൂടി അത് മുന്നോട്ടു പോകുകയും ചെയ്യുന്നുണ്ട്. മാവേലി സ്റ്റോറുകളിൽ ഇപ്പോൾ പഴയതിനെക്കാൾ തിരക്കുണ്ട്. സബ്സിഡി ഐറ്റങ്ങളുടെ ലഭ്യതയും 'അരിക്കട' പദ്ധതിയിനത്തിൽ സബ്സിഡി ഇനത്തിൽ ലഭിക്കുന്ന അരിയും വാങ്ങാനുള്ള തിരക്ക് മാവേലി സ്റ്റോറുകളിൽ നമുക്ക് കാണാൻ കഴിയുന്നുണ്ട്. മട്ട, കുറുവ, ജയ, പച്ചരി എന്നിവയാണ് ഈ സ്കീം വഴി നൽകുന്നത്. 16 രൂപ മുതൽ 21 രൂപ വരെയുള്ള വിലയ്ക്കാണ് അരി ഇന്ന് 'അരിക്കട' പദ്ധതി വഴി ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത്. ഈ അരി ഒരു മാസം 20 കിലോഗ്രാം വരെ ലഭ്യമാക്കുന്നതിനുപുറമെ ഒ.എം.എസ്.എസ്. പ്രകാരം പുഴുക്കലരി 19.50 രൂപാ നിരക്കിൽ 20 കിലോഗ്രാം വരെ നൽകാനുള്ള സാഹചര്യവും ഒരുക്കിയിട്ടുണ്ട്. ഇതിനോടൊപ്പംതന്നെ വിപണി കുറച്ചുകൂടി ശക്തമാക്കാൻ വേണ്ടി സ്പെഷ്യൽ ഫെയറുകൾ ആരംഭിച്ചിട്ടുണ്ട്.

ഇക്കഴിഞ്ഞ 6 മാസത്തിനിടയിൽ 47 പുതിയ മാവേലി സ്റ്റോറുകൾ കേരളത്തിന്റെ വിവിധ പ്രദേശങ്ങളിലായി ആരംഭിച്ചിട്ടുണ്ട്. കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതുവഴി കുറച്ചുകൂടി കൃത്യതയോടുകൂടി സാധനങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കാൻ സാധിക്കുന്നുണ്ട്. പച്ചക്കറിയുടെ വിലയിൽ ഇപ്പോൾ ഏറ്റക്കുറച്ചിലുകളുണ്ട്. ഹോർട്ടീകോർപ്പ് ഒരു പച്ചക്കറി

വിപണി ഫെയറുതന്നെ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം ഓപ്പൺ മാർക്കറ്റിൽ കൃത്യമായ പരിശോധനകളും ഞങ്ങൾ നടത്തുന്നുണ്ട്. വിലവിവര പട്ടിക പ്രദർശിപ്പിക്കാത്ത സന്ദർഭങ്ങളിൽ കൃത്യമായ നടപടികൾ സ്വീകരിക്കുന്നുമുണ്ട്. കഴിഞ്ഞ ആഴ്ചയും ഈ അടുത്ത ദിവസങ്ങളിലും വീണ്ടും കർശനമായ നിലയിൽ നിരീക്ഷണം നടത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിലവിവര പട്ടിക പ്രദർശിപ്പിക്കാത്ത സാഹചര്യങ്ങളുണ്ടെങ്കിൽ നടപടികളെടുക്കുന്നതാണ്. വിലവിവര പട്ടിക പ്രദർശിപ്പിക്കാതിരിക്കുന്ന സന്ദർഭങ്ങളിൽ കടക്കാർ തോന്നിയ വില ഈടാക്കുന്നുവെന്ന് പലപ്പോഴും വിമർശനവിധേയമായി പറയുന്നത് കേട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെപരിശോധനകൾ കർക്കശമാക്കാനുള്ള നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ടെന്ന് ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

അതോടൊപ്പംതന്നെ സ്പെഷ്യൽ ഫെയറുകൾ ആരംഭിച്ചിട്ടുണ്ട്. ഇത്തവണ ആദ്യമായി ഈസ്റ്ററിനും വിഷുവിനും ഫെയറുകളായിത്തന്നെ ആരംഭിച്ചിട്ടുണ്ട്. ഈ ഫെയറുകളിൽക്കൂടി കൂടുതൽ ഭക്ഷ്യധാന്യങ്ങൾ എത്തിക്കുവാനുള്ള സാഹചര്യങ്ങൾ ഒരുക്കുന്നുണ്ട്. സാധാരണക്കാരായ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത നിലയിൽ ഭക്ഷ്യധാന്യങ്ങൾ അവരുടെ കൈകളിലെത്തിക്കാനുള്ള എല്ലാ സാഹചര്യങ്ങളും ഗവൺമെന്റ് ഒരുക്കിയിട്ടുണ്ടെന്ന് സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്.

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ഇവിടെ ബഹുമാന്യനായ ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി വിലക്കയറ്റം തടയാൻ ഗവൺമെന്റ് കൈകൊള്ളുന്ന നടപടികളെ സംബന്ധിച്ച് വിശദീകരിക്കുകയുണ്ടായി. എന്നാൽ ഈ വിശദീകരണങ്ങൾക്കൊന്നും ജനങ്ങളുടെ വിശപ്പടക്കാനോ അതിരൂക്ഷമായിക്കൊണ്ടിരി

ക്കുന്ന വിലക്കയറ്റത്തിന് പരിഹാരമുണ്ടാക്കാനോ കഴിയുന്നില്ല. ഭരണപക്ഷം രാഷ്ട്രീയ കോലാഹലങ്ങളിൽപ്പെട്ട് മദിക്കുമ്പോഴും ജനങ്ങൾ അവശ്യസാധന ങ്ങളുടെ വിലക്കയറ്റത്തിൽപ്പെട്ട് നട്ടം തിരിയുന്ന കാഴ്ചയാണ് എവിടെയും കാണാൻ കഴിയുന്നത്. ഇതുപോലെ സാധനങ്ങൾക്ക് വില കയറിയ ഒരു കാലം സംസ്ഥാനത്തിന്റെ ചരിത്രത്തിലൊരിക്കലുമുണ്ടായിട്ടില്ല. ഏത് സാധന ങ്ങൾക്കാണ് വില കയറാത്തതെന്ന് ഗവേഷണം നടത്തിയാൽപ്പോലും കണ്ടെ ത്താൻ കഴിയാത്തവിധം എല്ലാ തലങ്ങളിലേയ്ക്കും അതിരൂക്ഷമായ വിലക്ക യറ്റം പടർന്നുപിടിച്ചുക്കൊണ്ടിരിക്കുകയാണ്. വിലകയറ്റമേയില്ല, അതു തടയു ന്നതിനാവശ്യമായ എല്ലാ കാര്യങ്ങളും ഗവൺമെന്റ് ചെയ്തുകഴിഞ്ഞു, ഇനി ചെയ്യാൻ പോകുന്നുവെന്നൊക്കെയാണ് ബഹുമാന്യനായ മന്ത്രി പറയുന്നത്. എന്നാൽ എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും റോക്കറ്റിനെക്കാൾ വേഗ തയിൽ വില വർദ്ധിച്ചുക്കൊണ്ടിരിക്കുന്ന കാലത്താണ് നമ്മൾ ജീവിക്കുന്നതെ ന്നുമാത്രമല്ല, കഴിഞ്ഞ മൂന്നുമാസക്കാലത്തിനിടയിൽ അതിരൂക്ഷമായ വിലക യറ്റം നമ്മുടെ നിത്യ ജീവിതത്തെ ദുസ്സഹമാക്കിയിരിക്കുകയുമാണ്. ഉൽപ്പന്ന ങ്ങൾക്ക് കടുത്ത ക്ഷാമവും വിപണന ശൃംഖലയ്ക്ക് അപ്രതീക്ഷിതമായ തട സ്സങ്ങളും സംഭവിക്കുമ്പോഴാണ് വിലക്കയറ്റം ഉണ്ടാകുന്നത്. എന്നാൽ ഇപ്പോൾ ഒരുതരത്തിലുള്ള ക്ഷാമമോ വിതരണ ശൃംഖലയിലെന്തെങ്കിലും തട സ്സമോ ഉള്ളതായി കാണാൻ കഴിയുന്നില്ല. എന്നുമാത്രമല്ല, വിലക്കയറ്റം അതി ഭയങ്കരമായി എല്ലാ സീമകളെയും ലംഘിച്ച് മുന്നോട്ടുപോകുമ്പോൾ അതൊരു പ്രവണതയായി കേരളത്തിൽ മാറുന്നുവെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതാണിവിടെ കണ്ടുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് അരിയുടെ വില വർദ്ധനവ്. റേഷൻ കടകൾ വഴി കാർഡുടമകൾക്ക് ഒരു രൂപയ്ക്കും രണ്ട് രൂപയ്ക്കും അരി ആവ

ശ്യാനുസരണം തരുന്നില്ലേയെന്നാണ് ഔദ്യോഗിക പക്ഷത്തിന്റെ ഭാഷ്യം. എന്നാൽ എന്താണ് അവിടെ നടക്കുന്നത് എന്നതിനെ സംബന്ധിച്ച വിശദാംശ ങ്ങൾ നിങ്ങൾ പരിശോധിക്കണം. ഇവിടെ നിങ്ങൾ ഒരു രൂപയ്ക്കും രണ്ടു രൂപയ്ക്കും അരി നൽകുന്നു എന്നാൽ അതേസമയം നല്ലയിനം അരിക്ക് 40 രൂപ എന്നത് 45 രൂപയായതും ബ്രാന്റഡ് അരിക്ക് 50 രൂപ എന്നത് 52 രൂപ യുമായ കാര്യം മന്ത്രി അറിയുന്നുണ്ടോ? മന്ത്രി പറഞ്ഞു ബ്രാന്റഡ് അരിക്ക് ഒരുപക്ഷെ വില കൂടുതലുണ്ടാകാം എന്നാൽ നല്ലയിനം അരിക്ക് 40 രൂപ മുതൽ 48 രൂപ വരെയായി. എന്നിട്ടും നിങ്ങൾ കയ്യും കെട്ടി നോക്കിയിരിക്കുകയല്ലേ?

അരി വിപണിയിൽ അസൂത്രിതമായ കൊള്ള നടക്കുകയാണ്. ആസൂ ത്രിതമായ കൊള്ളയെന്നുപറഞ്ഞാൽ വളരെ പ്ലാൻഡ് ആയിട്ടുള്ള നീക്കമാണ് നടക്കുന്നത്. സ്വകാര്യ അരിക്കച്ചവടക്കാരുടെ കൈകളിലേയ്ക്ക് സാധാരണ ജനങ്ങളെ തള്ളിവിട്ടുകൊണ്ട്, അവരെ കൊള്ളയടിക്കുവാൻ കേരളത്തിലെ മൊത്ത കച്ചവടക്കാർക്കും വ്യാപാരികൾക്കും ഈ ഗവൺമെന്റ് അനുമതി നൽകുകയാണ്. അരി വില 50 രൂപ കഴിഞ്ഞപ്പോൾ ചെറിയ ഉള്ളിയുടെ വില കണ്ണ് നീറ്റി 100 രൂപ കഴിഞ്ഞില്ലേ? 60 രൂപ വിലയുണ്ടായിരുന്ന ഇഞ്ചിക്ക് 220 രൂപയായില്ലേ? മല്ലിയില 35 രൂപയിൽ നിന്ന് 100 രൂപയിലെത്തിയില്ലേ? 60 രൂപയായിരുന്ന ചെറുപയർ 80 രൂപയായില്ലേ? പച്ചക്കറിയുടെയും പഴവർഗ്ഗ ങ്ങളുടെയും വിലയും കുതിച്ചുയർന്നു. ഏതിനാണ് വില കയറാത്തത്? ക്യാരറ്റിന്റെയും ബീൻസിന്റെയും വില 68 രൂപ മുതൽ 70 രൂപ വരെയായി. തക്കാളിക്ക് കഴിഞ്ഞ മാസം 24 രൂപയായിരുന്നത് ഇപ്പോൾ 52 രൂപയായി.

ഉള്ളിക്ക് 55 രൂപയായിരുന്നത് 105 രൂപയിലെത്തിയ കാര്യം ഞാനിവിടെ പറഞ്ഞു. മുളകും ഉള്ളിയോടൊപ്പം മത്സരിക്കുകയാണ്. മുളക് 75 രൂപയിൽ നിന്ന് 105 രൂപയിലെത്തി. 60 രൂപയുടെ ഉഴുന്ന് 75 രൂപയായി. 40 രൂപയുടെ ശർക്കര 52 രൂപയായി. മധുരം കഴിച്ച് ജീവിക്കാൻ കഴിയാത്ത അവസ്ഥ കേരളീയ ജീവിതത്തിലുണ്ടായിരിക്കുന്നു. അരിയുടെയും പലവ്യഞ്ജനത്തിന്റേയും പച്ചക്കറിയുടെയും സ്ഥിതി ഇതാണെങ്കിൽ മത്സ്യത്തിന്റെയും ഇറച്ചിയുടെയും കാര്യം പറയേണ്ടതുണ്ടോ?

ഇറച്ചിക്ക് നോമ്പുകാലത്തുപ്പോലും ഇല്ലാത്ത വിലയാണ്. കോഴിയിറച്ചിക്ക് 110 രൂപ, ബീഫ് ഇറച്ചിക്ക് 180 രൂപ, ആട്ടിറച്ചിക്ക് 400 രൂപ. സാധാരണക്കാരന്റെ മത്സ്യമായ മത്തിയുടെ വില 80 രൂപ കഴിഞ്ഞ് 100 രൂപയിലെത്തി. അയലയുടെ വില 160 രൂപയായി. നെയ്മീൻ കിട്ടാനേയില്ല, വില 400 രൂപ കഴിഞ്ഞു. ചൂര മീനിന്റെ വില 220 രൂപ കഴിഞ്ഞു. പാവപ്പെട്ടവന്റെ മത്സ്യമായ കിളി മീനിന് 80 രൂപ കഴിഞ്ഞു. കരിമീൻ കിട്ടാനില്ല, വില 400 രൂപയായി. കണമ്പ് മത്സ്യത്തിന്റെ വില 400 രൂപയായി. എന്തിനാണ് നിങ്ങളിവിടെ ഭരണം നടത്തുന്നത്? ഇങ്ങനെയൊരു ഭരണം ഇവിടെ ആർക്കാണ് വേണ്ടത്? എത്ര ദയനീയമായ സ്ഥിതിയെന്നോർക്കണം. എന്തിനേറെപ്പറയുന്നു സാധാരണക്കാരന്റെ കപ്പയ്ക്ക് ഒരു കിലോഗ്രാമിന് 20 രൂപയായി. ഇപ്രകാരം വിലക്കയറ്റത്തിന്റെ കൊടും വെയിലേറ്റ് കേരളീയ ജീവിതമാകെ ചുട്ടുപ്പൊള്ളുമ്പോൾ ഈ മഹാദുരന്തത്തെക്കുറിച്ചാലോചിക്കാൻ യു.ഡി.എഫ്.-ന് നേരമുണ്ടോ? മന്ത്രിസഭയ്ക്ക് നേരമുണ്ടോ? ഇപ്പോൾ മന്ത്രിസഭയിൽ രണ്ടാമൻ ആരാണെന്ന് ആലോചിക്കാൻ പലവട്ടം സമ്മേളിച്ച

യു.ഡി.എഫ് മീറ്റിംഗിൽ ഇതൊരു അജണ്ടയായി വന്നോ? വിലക്കയറ്റം ഒരു അജണ്ടയായി വന്നോ? അവിടെ ഒന്നാമൻ ആരാകണം, രണ്ടാമൻ ആരാകണം, മൂന്നാമൻ ആരാകണം എന്ന് ലേലം വിളിയാണ്. വിലക്കയറ്റത്തെക്കുറിച്ചോ കേരളത്തിലെ പാവങ്ങളെക്കുറിച്ചോ അവർ അനുഭവിക്കുന്ന കെടുതികളെക്കുറിച്ചോ നിങ്ങൾക്കെന്തെങ്കിലും പറയാനോ ആലോചിക്കാനോ സമയമുണ്ടോ; സിവിൽ സപ്ലൈസ് എന്നൊരു വകുപ്പുണ്ടോ? ജനങ്ങൾക്ക് അങ്ങനെയൊരു വകുപ്പുണ്ടെന്ന് ഫീൽ ചെയ്യുന്നില്ല. അവശ്യസാധനങ്ങളുടെ വിലയെല്ലാം വാണംപോലെ കുതിച്ചുയരുമ്പോൾ സിവിൽ സപ്ലൈസ് ഒരു നോക്കുകുത്തിയായി അധഃപതിക്കുകയാണ്. 79 ലക്ഷം കുടുംബങ്ങളാണ് കേരളത്തിലുള്ളത്. 14256 റേഷൻ കടകൾ കേരളത്തിലുണ്ട്. 35 കിലോ ഭക്ഷ്യധാന്യങ്ങൾ അർഹതയുള്ള 5 ലക്ഷം അന്ത്യോദയ കാർഡുകൾക്ക് നൽകുമെന്നാണ് ഗവൺമെന്റ് പറയുന്നത്. തീരെ പാവങ്ങൾക്ക്, ആരോരുമില്ലാത്തവർക്ക് 10 കിലോ അരി കൊടുക്കുമെന്ന് പറഞ്ഞു. ആ അരി പോലും റേഷൻ കടകളിലും മൊത്ത വ്യാപാര കടകളിലും സ്റ്റോക്കില്ല. ഇത് എത്ര ദയനീയമായ അവസ്ഥയാണെന്ന് ഓർക്കണം. പാവങ്ങൾക്ക്, ആരോരുമില്ലാത്ത അശരണർക്ക് നൽകുന്ന 10 കിലോ അരി പോലും കൊടുക്കാൻ ഗവൺമെന്റിൽ കരുതലില്ല. 25 കിലോ അരിക്ക് അർഹതയുള്ള 15 ലക്ഷം ബി.പി.എൽ. കാർഡുടമകൾക്ക് നൽകുന്നത് 19 കിലോ അരിയാണ്. 25 കിലോ അരി കൊടുക്കുമെന്ന് പറയുന്നു, എന്നിട്ട് 19 കിലോ അരി കൊടുക്കുന്നു. അവർക്ക് 10 കിലോ ഗോതമ്പുകൊടുക്കുമെന്ന് പറഞ്ഞിട്ട് 5 കിലോ ഗോതമ്പുകൊടുക്കുന്നു. ബാക്കിയുള്ള 5 ലക്ഷം പേർക്ക്

പ്രതിമാസം 8 കിലോ അരി കൊടുക്കുമെന്ന് പറഞ്ഞിട്ട് 6 കിലോ അരി കൊടുക്കുന്നു. 6 കിലോ അരിയും ഒരു കിലോ ഗോതമ്പും ലഭിക്കുന്ന ബി.പി.എൽ. കാരനെക്കുറിച്ച് ഇവർക്ക് വല്ല സങ്കടവുമുണ്ടോ? എ.പി.എൽ. കാർഡുടമയ്ക്ക് 10 കിലോ അരിയും 3 കിലോ ഗോതമ്പും നൽകുമെന്നുപറഞ്ഞിട്ട് 6 കിലോ അരിയും ഒരു കിലോ ഗോതമ്പും കൊടുത്ത് അവരെ കബളിപ്പിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് അധികമായി നൽകിയ അരിയും ഗോതമ്പും വാങ്ങാൻ പോലും ഇവർ തയ്യാറായില്ല. അത് വാങ്ങി സ്റ്റോക്ക് ചെയ്യാൻ ഇവർക്ക് കഴിഞ്ഞില്ല. അതുകൊണ്ട് കേന്ദ്രത്തിന്റെ ക്വാട്ട വെട്ടിക്കുറിച്ചു. കേരളത്തെ വല്ലാതെ ദുരിതക്കളത്തിലേയ്ക്ക് നയിക്കുമ്പോൾ ഒരക്ഷരമെങ്കിലും ഉരിയാടാൻ ഈ അധികാരികൾക്കോ, മുഖ്യമന്ത്രിക്കോ, ഭക്ഷ്യ വകുപ്പുമന്ത്രിക്കോ കഴിയുന്നുണ്ടോ? യു.ഡി.എഫ്.ന് കഴിയുന്നുണ്ടോ? ഇപ്പോൾ വ്യാപകമായ മഴയാണ്. മഴ കേരളീയ ജീവിതത്തെയാകെ പ്രയാസപ്പെടുത്തുകയാണ്. തീരപ്രദേശമാകെ കടലാക്രമണ ഭീഷണിയിലാണ്. ആയിരക്കണക്കിന് തെങ്ങുകൾ കടപുഴകി വീഴുന്നു. നമ്മുടെ കൃഷിയിടങ്ങളെല്ലാം തകരുന്നു. നൂറുകണക്കിന് വീടുകൾ തകരുന്നു. വീടുകൾ തകർന്നവരും വീടുകളിൽ വെള്ളംകയറി അവിടെ ജീവിക്കാൻ കഴിയാത്തവരും അഭയാർത്ഥി ക്യാമ്പുകളിൽ അഭയം പ്രാപിച്ചുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരത്തെ അഭയാർത്ഥി ക്യാമ്പുകളിൽ ഈ സർക്കാർ ദുരിതാശ്വാസത്തിനായി കൊടുത്തത് പുഴുവരിച്ച ഭക്ഷണമാണ്. ഇത് മനോരമയിൽ വന്ന വാർത്തയും ചിത്രവുമാണ്. (മലയാള മനോരമ പത്രം സഭയിൽ ഉയർത്തിക്കാണിച്ചു.) മലയാള മനോരമ പത്രത്തിലാണ്, അല്ലാതെ ദേശാഭിമാനിയിലോ, ജനയുഗത്തിലോ വേറൊരു പത്രത്തിലോ അല്ല ഈ വാർത്തയും ചിത്രവും വന്നത്.

ഇതെന്തൊരു ദയനീയമായ അവസ്ഥയാണെന്ന് ഓർക്കണം. ആരാണ് സാർ മികച്ച മന്ത്രി, ഏതാണ് മികച്ച വകുപ്പ്? സിവിൽ സപ്ലൈസ് വകുപ്പിന്റെ ഈ മികവ് വേണ്ടവണ്ണം തിരിച്ചറിഞ്ഞിട്ടില്ലെന്നുവേണം കരുതാൻ. നൂറുശതമാനം കാര്യങ്ങൾ ചെയ്യുന്നു എന്നല്ലേ സിവിൽ സപ്ലൈസ് വകുപ്പിനെക്കുറിച്ച് പറയുന്നത്. 14266 റേഷൻ കടകളിലേയ്ക്ക് കൊടുക്കേണ്ട അരിയും ഗോതമ്പും കൃത്യമായി എഫ്.സി.ഐ.ൽ നിന്നും മൊത്തവ്യാപാര കടകളിൽ നിന്നും വാങ്ങുന്നു; എന്നിട്ട് അത് കൃത്യമായി റേഷൻകടകളിൽ കൊടുക്കുന്നു; റേഷൻകടക്കാർ 79 ലക്ഷം കുടുംബങ്ങൾക്ക് നൽകുന്നു എന്ന തല്ലേ നിങ്ങളുടെ കണക്ക്. അങ്ങനെയാണെങ്കിൽ നൂറുശതമാനവും എല്ലാ കാര്യങ്ങളും കംപ്ലീറ്റായി ചെയ്യുന്ന ഈ വകുപ്പല്ലേ ഏറ്റവും വലിയ വകുപ്പ്, ഈ മന്ത്രിയല്ലേ ഏറ്റവും നല്ല മന്ത്രി, ഇദ്ദേഹത്തിനല്ലേ അവാർഡുകൊടുക്കേ ണ്ടത്? എന്നാൽ പത്രങ്ങൾ പറയുന്നത് റേഷൻ മൊത്തവ്യാപാര രംഗത്തുൾപ്പെടെ കേന്ദ്ര ഗവൺമെന്റ് തരുന്ന അരിയുടേയും ഗോതമ്പിന്റേയും മണ്ണെണ്ണയുടേയും പഞ്ചസാരയുടേയും 40 ശതമാനം ഒഴുകുന്നത് സ്വകാര്യ കച്ചവടകേന്ദ്രങ്ങളിലേയ്ക്കാണ് എന്നാണ്. ഇതിന് കച്ചവടക്കാരും രാഷ്ട്രീയ നേതൃത്വവും മന്ത്രിസഭയിലെ മന്ത്രിമാർവരെ കൂട്ടുനിൽക്കുന്നു. ഇതെന്തൊരു തീവെട്ടിക്കൊള്ളയാണ്. ഇതിനെക്കുറിച്ച് അന്വേഷിക്കാൻ സമ യമുണ്ടോ? എന്താണിവിടെ നടക്കുന്നതെന്ന് അന്വേഷിക്കാൻ ആളുണ്ടോ? അരിയും ഗോതമ്പും മണ്ണെണ്ണയുമെല്ലാം റേഷൻ കടവഴി ന്യായമായി വിത രണം ചെയ്തിട്ട് അരിക്കെന്താണ് വില കുറയാത്തതെന്ന് വകുപ്പുമന്ത്രിയോ മുഖ്യമന്ത്രിയോ അന്വേഷിച്ചിട്ടുണ്ടോ? ഈ മന്ത്രിസഭയ്ക്ക് ഇതിനെക്കുറിച്ച് ചർച്ച ചെയ്യാൻ സമയമുണ്ടോ? ഇത്തരം തീവെട്ടിക്കൊള്ള ഇവിടെ

നടക്കുകയാണ്. എല്ലാ സിരകളിലും പടർന്നൊഴുകി അഴിമതി വ്യാപകമായി പരക്കുകയാണ്. അരിവില കുറയാത്ത സാഹചര്യത്തെക്കുറിച്ച് സർക്കാർ പരിശോധിക്കുന്നില്ല എന്നതാണ് സത്യം. ഞങ്ങളൊക്കെ നാട്ടിൽ നിന്നും തിരുവനന്തപുരത്തേയ്ക്ക് വരുന്നവരാണ്. പലരും പല ആവശ്യങ്ങൾക്കായി എത്രയോ സ്ഥലങ്ങളിലേയ്ക്ക് പോകുന്നു. പുറത്തുപോകുന്ന ഒരാൾ ഭക്ഷണം കഴിക്കാൻ ഹോട്ടലുകളെ അഭയം പ്രാപിച്ചാൽ അവിടെയൊക്കെ ഭക്ഷണത്തിന് തീ വിലയല്ലേ? വിലക്കയറ്റം ഇത്ര ഭയങ്കരമായി സംഭവിക്കുന്ന ഈ കാലത്ത് ആരെങ്കിലും അതിനെക്കുറിച്ച് അന്വേഷിക്കുന്നുണ്ടോ? റേഷൻ ക്വാട്ട വെട്ടിക്കുറച്ചതിനുശേഷം സംസ്ഥാനത്തിന് നൽകിയ അരിപോലും തിരിച്ചുപിടിക്കാൻ കഴിഞ്ഞിട്ടില്ല.

മാവേലി സ്റ്റോറുകളുടെ സ്ഥിതി എന്താണ്? സിവിൽ സപ്ലൈസ് വകുപ്പിനു കീഴിലുള്ള മാവേലി സ്റ്റോറുകൾ, ലാഭം മാർക്കറ്റുകൾ, സൂപ്പർ മാർക്കറ്റുകൾ എന്നിവിടങ്ങളിലെ സബ്സിഡി ഐറ്റങ്ങളെല്ലാം വെട്ടിക്കുറച്ചു. ജയ അരി, മട്ട അരി, കടല, ചെറുപയർ, മുളക്, തുവരപ്പരിച്ച്, പഞ്ചസാര എന്നിവയിൽ മാത്രമായി സബ്സിഡി നിലനിറുത്തി. പച്ചരിക്ക് സബ്സിഡിയുണ്ട്, പക്ഷെ സ്റ്റോക്കില്ല. ജീരകം, ഉലുവ, കടുക്, മല്ലി തുടങ്ങിയവയുടെ സബ്സിഡി എടുത്തുകളഞ്ഞു. രണ്ടുവർഷമായിട്ടും സപ്ലൈകോയ്ക്ക് നൽകേണ്ട 330 കോടി രൂപ ഈ സർക്കാർ നൽകിയിട്ടുണ്ടോ? ഇവിടെ അരിക്കടയെക്കുറിച്ച് പറഞ്ഞു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തു തുടങ്ങിയ അരിക്കട തുടരുന്നുവെന്ന് പറയുന്നു. എന്നാൽ ആ അരിക്കടയ്ക്ക് നൽകേണ്ട 110 കോടി രൂപ കൊടുക്കാൻ ഈ ഗവൺമെന്റിന്റെ പക്കൽ പണമില്ല. അത് ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. സപ്ലൈകോ പറ

യുന്നത് ഇത് ഞങ്ങൾ അടച്ചുപൂട്ടും അല്ലാതെ വേറെ നിവൃത്തിയില്ലായെന്നാണ്. ഇത്തവണ സ്കൂൾ അദ്ധ്യയനവർഷാരംഭം ജൂൺ മാസം 3-ാം തീയതിയായിരുന്നു. എല്ലാ പ്രാവശ്യവും സ്കൂളുകളിലേയ്ക്ക് കുട്ടികൾ പോയിക്കഴിഞ്ഞാണ് മഴയെത്തുന്നത്. എന്നാൽ മഴ ഇത്തവണ നേരത്തേ വന്നു. സ്കൂൾ വിപണി എത്ര ഭയങ്കരമായി കേരളത്തിലെ രക്ഷാകർത്താക്കളെ കൊള്ളയടിച്ചു. നമ്മളൊക്കെ പണ്ട് സ്കൂളിൽ പോയിരുന്നപ്പോൾ നോട്ടുബുക്കുകൾ അടുക്കിവച്ച് ഒരു കറുത്ത റബ്ബറുകൊണ്ട് കെട്ടി തോളിൽ വച്ചുകൊണ്ടുപോകുന്ന സ്ഥിതിയായിരുന്നുവെങ്കിൽ ഇന്ന് നമ്മുടെ കുട്ടികൾ അങ്ങനെ പോകുമോ? അവർക്ക് ബാഗ് ചെരുപ്പ്, കുട, പെൻസിൽ, ബോക്സ് ഇങ്ങനെ എത്രയോ ഇനങ്ങൾ ആവശ്യമാണ്. പഴയ ബാഗും പഴയ ചെരുപ്പും പഴയ കുടയുമൊക്കെയായി ഇപ്പോഴത്തെ കുട്ടികൾ സ്കൂളിൽ പോകില്ല. ഗവൺമെന്റിന് ഇക്കാര്യത്തിൽ എന്തുചെയ്യാൻ കഴിഞ്ഞു? കേരളത്തിലെ സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് നടത്തുന്ന സ്കൂൾ വിപണി ഇത്തവണ എവിടെയെങ്കിലും ഉണ്ടായിരുന്നോ? 200 രൂപ വിലയുണ്ടായിരുന്ന ബാഗുകളുടെ വില ഇന്ന് ആയിരവും രണ്ടായിരവുമായില്ലേ? നോട്ടുബുക്കുകളുടെ വില അതിഭയങ്കരമായി വർദ്ധിച്ചില്ലേ? കുട്ടികളുടെ വാട്ടർ ബോട്ടിൽ വയ്ക്കുന്നതിനുള്ള പ്രത്യേക ബാഗിന്റെ വില നൂറുരൂപ കഴിഞ്ഞില്ലേ? തുണി വാങ്ങിക്കൊണ്ടിരുന്ന ആളുകൾ ഇപ്പോൾ റെഡിമെയ്ഡ് വസ്ത്രങ്ങളെ അഭയം പ്രാപിക്കുകയാണ്. ആരാണ് ഇതിന്റെ വില നിശ്ചയിക്കുന്നത്, ആരാണ് ഇതിന്റെ ഗുണമേന്മ പരിശോധിക്കുന്നത്? വില നിശ്ചയിക്കേണ്ടവർ, ഗുണമേന്മ പരിശോധിക്കേണ്ടവർ, വില നിയന്ത്രിക്കേണ്ടവർ ഇവിടെ നിസ്സംഗതയോടെ ഇരിക്കുകയാണ്. അവരെല്ലാം ഒളിച്ചുകളി നടത്തുകയാണ്.

ഇവിടെ ചർച്ചയോട് ചർച്ചയാണ്. ആർക്ക് അധികാരം വേണം, ആര് രണ്ടാമത്തെ മന്ത്രിയാകും എന്ന ചർച്ചയാണ് നടക്കുന്നത്. ജനങ്ങളെ കൊള്ള യടിക്കുമ്പോൾ ഇവിടെ യു.ഡി.എഫ്. മതിച്ചുതിമിർത്ത് വാഴുകയാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. തിലോത്തമൻ: സർ, നമ്മുടെ ആശുപത്രികളൊക്കെ രോഗിക ളെക്കൊണ്ട് നിറയുകയാണ്. ജീവൻ രക്ഷാ ഔഷധങ്ങളുടെ വിലയും തീപി ടിച്ചതുപോലെ ഉയർന്നു. ഗവൺമെന്റ് പ്രൈസ് കൺട്രോൾ സിസ്റ്റം കൊണ്ടു വന്നു. അതിൽ ഏറ്റവും കൂടുതൽ ചെലവഴിച്ച മരുന്നുകളുടെ ശരാശരി വില യെടുത്ത് പ്രൈസ് കൺട്രോൾ സിസ്റ്റത്തിൽ വില നിശ്ചയിച്ചു. അത് പ്രായോഗികമാണോ? ഇവിടെ എല്ലാ സ്വകാര്യ ആശുപത്രികളും ജനങ്ങളെ കൊള്ളയടിക്കുകയല്ലേ? അവർ ബാർഗയിൻ ചെയ്ത് വിലകുറച്ച് മരുന്നുവാ ങ്ങിയിട്ട് എം.ആർ.പി. വിലയ്ക്ക് നൽകുകയാണ്. ഇവിടെ മരുന്നുകളുണ്ടാ ക്കാൻ കെ.എസ്.ഡി.പി. ഉണ്ട്. ആ കെ.എസ്.ഡി.പി.യിൽ ഈ മരുന്നുക ളെല്ലാം ഉണ്ടാക്കാം. എന്നാൽ അത് ഉപയോഗപ്പെടുത്തുന്നില്ല എന്നുമാത്രമല്ല അവിടെ യാതൊരുവിധ പ്രവർത്തനവും നടത്താതെ അത് നശിപ്പിക്കുക യല്ലേ ചെയ്യുന്നത്. ആരാണ് ഇതിനെല്ലാം ഉത്തരവാദി. ഇവിടെ കറണ്ട് ചാർജ്ജ് കൂട്ടി, വെള്ളക്കരം കൂട്ടി, ബസ് ചാർജ്ജ് കൂട്ടി, കുടിവെള്ളം വിൽപ്പനച്ചരക്കാക്കുന്നു. സേവനമേഖലയെല്ലാം തീവിലയായി. ഇപ്രകാരം ജനങ്ങളെ ദ്രോഹിക്കുന്ന ഈ ഗവൺമെന്റിന്റെ നയങ്ങൾക്കെതിരായി ....... (മൈക്ക് ഓഫ്)...... അതുകൊണ്ട് ഇത് സഭ നിറുത്തിവച്ച് ചർച്ചചെയ്യണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ബ്രാന്റഡ് അരിക്കാണ് വില വർദ്ധനവെന്ന് ബഹുമാനപ്പെട്ട മെമ്പർതന്നെ ഇവിടെ സൂചിപ്പിച്ചു. അതുതന്നെയാണ് ഞാനും പറഞ്ഞുകൊണ്ടിരിക്കുന്നത്. ബ്രാന്റഡ് അരിക്ക് വില വർദ്ധിച്ചിട്ടുണ്ട്. ഇല്ലായെന്ന് ഞാൻ പറയുന്നില്ല. പക്ഷെ സാധാരണ നമുക്ക് ലഭ്യമാകുന്ന അരി മിതമായ വിലയിൽ വിപണിയിൽ ഇപ്പോഴും ലഭ്യമാകുന്നുണ്ട്. ഇന്നത്തെ പൊതുമാർക്കറ്റിലെ വില - മട്ട അരിക്ക് 40 രൂപ, ജയ അരിക്ക് 34 രൂപ, പച്ചരിക്ക് 28 രൂപ. ജയ അരി 34 രൂപക്ക് പൊതുമാർക്കറ്റിൽ കിട്ടുമ്പോൾ സപ്ലൈകോ വഴി കൊടുക്കുന്നത് 21 രൂപയ്ക്കാണ്. മട്ട അരി 40 രൂപയ്ക്ക് പൊതു മാർക്കറ്റിൽ കിട്ടുമ്പോൾ സപ്ലൈകോ ഔട്ട്ലെറ്റ് വഴി കൊടുക്കുന്നത് 16 രൂപയ്ക്കാണ്. ഇവിടെ ബ്രാന്റഡ് അരിക്ക് വില വർദ്ധിക്കുമ്പോൾ അത് പൊതുവായി അരിയുടെ വിലവർദ്ധനവ് എന്ന നിലയിൽ ചിത്രീകരിക്കരുത് എന്ന് ഞാൻ ആദ്യമേ സൂചിപ്പിച്ചിരുന്നു. അത് ബഹുമാനപ്പെട്ട മെമ്പർതന്നെ ആവർത്തിച്ച് ഉറപ്പിക്കുകയും ചെയ്ത കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. ഇവിടെ കൊള്ളയടി, റേഷൻ കരിച്ചന്തയിലേയ്ക്ക് പോകുന്നു തുടങ്ങിയ വിഷയങ്ങളെക്കുറിച്ചു പറഞ്ഞു. ഇപ്പോൾ അതിനുവേണ്ടി ശ്രമിക്കുന്നവരുടെ മുട്ടുവിറയ്ക്കും. കൊള്ളയടിക്കാനോ റേഷൻ കരിച്ചന്തയ്ക്കോ വേണ്ടി ശ്രമിക്കുന്നവരുടെ മുട്ടുവിറയ്ക്കുന്ന സാഹചര്യം ഇന്ന് കേരളത്തിലുണ്ടായിട്ടുണ്ട്. ഇത്തരത്തിലുള്ള കരിച്ചന്തക്കാർക്കെതിരെ കർക്കശമായ നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. അക്കാര്യത്തിൽ യാതൊരു ദാക്ഷണ്യവുമുണ്ടായിട്ടില്ല. വളരെ കൃത്യതയോടെയുള്ള പരിശോധനകളും റെയ്ഡുകളും നടത്തുന്നുണ്ട്. ഇതിന് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് പോലീസ് ഡിപ്പാർട്ടു

മെന്റിന്റെ സഹായത്തോടെ റെയ്ഡുകൾ സംഘടിപ്പിക്കുന്നുണ്ട്. കഴിഞ്ഞ നാലുമാസത്തിനിടയ്ക്ക് 57 കടകൾ സസ്പെന്റ് ചെയ്തു. അഞ്ചോളം ഹോൾസെയ്ലേഴ്സിനെ സസ്പെന്റ് ചെയ്തു. അഞ്ച് പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ തട്ടിപ്പും വെട്ടിപ്പുമായി നടക്കുന്നവരേയും റേഷൻ വിഹിതം കരിഞ്ചന്തയിലേയ്ക്ക് കടത്തുന്നവരേയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനുള്ള എല്ലാ സാഹചര്യങ്ങളും ഒരുക്കിയിട്ടുണ്ട്. അത് ഈ ഗവൺമെന്റിന്റെ ഇച്ഛാശക്തിയെയാണ് കാണിക്കുന്നതെന്ന് പറയുവാൻ ഈ സന്ദർഭം ഞാൻ വിനിയോഗിക്കുകയാണ്.

വിവിധ സാധനങ്ങൾക്കുണ്ടായിരുന്ന സബ്സിഡി എടുത്തു മാറ്റിയ കാര്യം ഇവിടെ സൂചിപ്പിച്ചു. മല്ലി, കടുക്, ജീരകം തുടങ്ങിയവയെ സബ്സിഡിയുടെ പരിധിയിൽ നിന്നും മാറ്റി എന്നത് സത്യമാണ്. വളരെ കുറഞ്ഞ അളവിലാണ് ഇത്തരം സാധനങ്ങൾ ഒരു കുടുംബത്തിന് ആവശ്യമായി വരുന്നത്. അതുകൊണ്ട് അതുമാറ്റി പകരം ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ സബ്സിഡി ഐറ്റങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുകയാണ് ചെയ്തത്. വളരെക്കുറച്ച് മാത്രം ഉപയോഗിക്കുന്ന സാധനങ്ങൾ മാറ്റുകയും അരി, വെളിച്ചെണ്ണ അടക്കം ജനങ്ങൾ കൂടുതൽ ഉപയോഗിക്കുന്ന സാധനങ്ങൾ സബ്സിഡി ഐറ്റങ്ങളിൽ ഉൾപ്പെടുത്തുകയുമാണ് ചെയ്തത്. ക്രിയാത്മകമായ ഒരു മാറ്റമാണ് അക്കാര്യത്തിൽ ഉണ്ടാക്കിയതെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ഇതിനോടൊപ്പംതന്നെ ഇതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ വേണ്ടിയുള്ള സമീപനങ്ങളും സ്വീകരിച്ചിട്ടുണ്ട്.

ആദ്യമായിട്ടാണ് വിഷുവിന് ഒരു ഫെയർ ആരംഭിച്ചത്. ഇതിനുമുമ്പ് വിഷുവിന് സൂപ്പർ മാർക്കറ്റുകളുമായി ബന്ധപ്പെട്ട് മാത്രമേ ഫെയറുകൾ

ഉണ്ടായിരുന്നുള്ളുവെങ്കിൽ ഇത്തവണ സ്പെഷ്യൽ ഫെയറുകൾ ആരംഭിച്ചു. ഫെസ്റ്റിവൽ സമയങ്ങളിൽ 10-15 ദിവസം വരെ നടത്തിക്കൊണ്ടിരുന്ന ഫെയറുകൾ ഈ വർഷവും അതേ രീതിയിൽത്തന്നെ തുടരുവാനാണ് ഉദ്ദേശിക്കുന്നത്. കഴിഞ്ഞ തവണ 50 ദിവസം നീണ്ടുനിൽക്കുന്ന ഓണം ഫെയറാണ് സംഘടിപ്പിച്ചത്. ഈ വർഷവും അതേ രീതിയിൽത്തന്നെ തുടരും. ഉത്സവകാലങ്ങളിൽ ജനങ്ങൾ വിപണിയെ കൂടുതൽ ആശ്രയിക്കുമ്പോൾ അവർക്ക് കൂടുതൽ ഭക്ഷ്യധാന്യങ്ങൾ കൂടുതൽ കൃത്യതയോടെ എത്തിക്കുന്നതിനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. 47 പുതിയ മാവേലി സ്റ്റോറുകൾ കേരളത്തിൽ ആരംഭിക്കാൻ കഴിഞ്ഞു, 22 മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളായി അപ്ഗ്രേഡ് ചെയ്തു, നാല് പുതിയ പീപ്പിൾസ് ബസാറുകൾക്ക് ആരംഭം കുറിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതെല്ലാം സപ്ലൈകോയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയതിന്റെ ഉദാഹരണങ്ങളായി ഞാൻ ചൂണ്ടിക്കാട്ടുകയാണ്.

റേഷൻ വിഹിതത്തിൽ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന അഡ്ഹോക്ക് അലോട്ട്മെന്റ് കുറവുണ്ടായിരുന്ന സന്ദർഭത്തിൽ ബി.പി.എൽ. അലോട്ട്മെന്റ് കുറയ്ക്കേണ്ടി വന്നിട്ടുണ്ട്. പക്ഷെ ഇപ്പോൾ അത് വീണ്ടും 25 കിലോയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ ബി.പി.എൽ. കുടുംബങ്ങൾക്ക് 25 കിലോ അരി നൽകുന്നുണ്ട്. അതിനോടൊപ്പംതന്നെ എ.പി.എൽ. വിഭാഗക്കാർക്ക് 9 കിലോ അരിയും എത്തിക്കുന്നതിനുള്ള സാഹചര്യവും ഒരുക്കിയിട്ടുണ്ട്.

സ്കൂൾ ഫെയറുകൾ ആരംഭിച്ചില്ലെന്ന് ഇവിടെ പറഞ്ഞു. അത് അടിസ്ഥാനരഹിതമാണ്. മേയ് മാസം അവസാന വാരവും ജൂൺ മാസം ആദ്യ വാരവുമാണ് സ്കൂൾ വിപണികൾ സജീവമാകുന്നത്. ഇക്കൊല്ലത്തെ

സ്കൂൾ വിപണികൾ മേയ് മാസം അവസാനത്തോടുകൂടിത്തന്നെ ആരംഭിച്ചിട്ടുണ്ട്. എല്ലാ സപ്ലൈകോ വിൽപ്പന ശാലകളിലും നോട്ട്ബുക്ക്, ബാഗ് തുടങ്ങിയ ഉൽപ്പന്നങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് പ്രമുഖ പത്രങ്ങളിലെല്ലാം പരസ്യവും കൊടുത്തിരുന്നു. അത് വെരിഫൈ ചെയ്തുകഴിഞ്ഞാൽ ആ കൺഫ്യൂഷൻ മാറുമെന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

വളരെ കൃത്യതയോടെതന്നെ ഞങ്ങൾ വിപണിയിൽ ഇടപെടുന്നുണ്ട്. വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത കച്ചവടസ്ഥാപനങ്ങളുണ്ടെങ്കിൽ അവർ നിയമനടപടികൾ നേരിടേണ്ടതായി വരും. അതിന്റെ പരിശോധനകൾ കഴിഞ്ഞ ദിവസങ്ങളിലുണ്ടായിരുന്നു. വരും ദിവസങ്ങളിലും അത് തുടരുന്ന താണ്. ഉപഭോക്താവിന് ഒരു രീതിയിലും ബുദ്ധിമുട്ടുണ്ടാകാതെ എല്ലാ നില യിലും ഗവൺമെന്റ് കൃത്യതയോടെ വിപണിയിൽ ഇടപെടുന്നുണ്ട് എന്നു ഞാൻ സൂചിപ്പിക്കുകയാണ്. അരിവില നിയന്ത്രണവിധേയമാക്കി നിർത്തുവാനുള്ള എല്ലാ ശ്രമങ്ങളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നു ണ്ടാകുന്നുണ്ട്. അതുകൊണ്ട് ഈ അടിയന്തര പ്രമേയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, വിലക്കയറ്റമുണ്ടാകുന്ന സാമ്പത്തിക പശ്ചാത്തലത്തിൽ വിലക്കയറ്റത്തിൽ നിന്നും ജനങ്ങളെ രക്ഷി ക്കുന്നതിന് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികളാണ് വിലയിരുത്തേണ്ടത്. ഗവൺമെന്റ് ചെയ്യുന്ന കാര്യങ്ങൾ പറയുമ്പോൾ അതിൽ പോരായ്മകളുണ്ടെ ങ്കിൽ ചൂണ്ടിക്കാണിക്കാം. വിലക്കയറ്റമേയില്ല എന്ന തരത്തിലുള്ള സമീപന മൊന്നും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. പക്ഷെ വിലക്കയറ്റത്തിന്റെ സാഹചര്യ ത്തിൽ എങ്ങനെ ഗവൺമെന്റ് പ്രവർത്തിക്കുന്നു എന്നതാണ്

പരിശോധിക്കേണ്ടത്. ഇവിടെ വിലക്കയറ്റത്തെക്കുറിച്ച് പലപ്രാവശ്യം ചർച്ച നടന്നിട്ടുണ്ട്. പക്ഷെ ബ്രാന്റഡ് അരിയുടെ വില വച്ചുകൊണ്ട് ചർച്ച നടത്തുന്നത് ആദ്യമായാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഓപ്പൺ മാർക്കറ്റിൽ ചെറിയ വിലയ്ക്കുള്ള അരി ലഭിക്കാത്തതുകൊണ്ടല്ലേ ബ്രാന്റഡ് അരി വാങ്ങാൻ ആൾക്കാർ പോകുന്നത്; അതല്ലേ ഇവിടത്തെ പ്രശ്നം?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബ്രാന്റഡ് അരി ആരാണ് വാങ്ങുന്നതെന്ന് എല്ലാവർക്കും അറിയാം. പക്ഷെ ഓപ്പൺ മാർക്കറ്റിലെ വില ബ്രാന്റഡ് അരിയുടെ വിലയല്ല, അത് മനസ്സിലാക്കണം. അരിയാണ് നമ്മുടെ മുഖ്യാഹാരം. അതുകൊണ്ടുതന്നെ ഇവിടത്തെ മുഴുവൻ ജനങ്ങൾക്കും അരി സുലഭമായി ലഭിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഒരു ത്രീ ലെയർ പരിപാടി യാണ് നടപ്പാക്കുന്നത്. *(1)* റേഷൻ കടകൾ വഴി നൽകുന്ന അരി; *(2)* അരി ക്കട വഴി നൽകുന്ന അരി; *(3)* ഒ.എം.എസ്.എസ്. സ്കീമനുസരിച്ച് കൊടു ക്കുന്ന അരി. ഇത് മൂന്നും എത്രമാത്രം എഫക്ടീവായി ഫങ്ഷൻ ചെയ്യു ന്നുവെന്നത് വിലയിരുത്തണം. റേഷൻ കടകൾ വഴി ബി.പി.എൽ.-കാർക്ക് ഒരു രൂപാ നിരക്കിൽ 25 കിലോ അരി; ഐ.എ.വൈ.-ക്കാർക്ക് ഒരു രൂപാ നിര ക്കിൽ 35 കിലോ അരി; എ.പി.എൽ. സബ്സിഡി വിഭാഗത്തിന് രണ്ടു രൂപാ നിർക്കിൽ 9 കിലോ അരി; സബ്സിഡിയില്ലാത്ത എ.പി.എൽ. വിഭാഗത്തിന് 8.90 രൂപാ നിരക്കിൽ 9 കിലോ അരി. ഒരു രൂപാ നിരക്കിൽ 25 കിലോ അരി കൊടുത്തുകൊണ്ടിരുന്നവർക്ക് ഏപ്രിൽ-മേയ് മാസങ്ങളിൽ 18 കിലോ അരി മാത്രമേ കൊടുത്തിട്ടുള്ളൂ. പക്ഷെ, ജൂൺ മാസം മുതൽ അവർക്കുള്ള 25 കിലോ അരി പുന:സ്ഥാപിക്കാൻ തീരുമാനിച്ചുകഴിഞ്ഞു. ഞങ്ങൾ കേന്ദ്ര

ഗവൺമെന്റിനെ സമീപിച്ച് പ്രത്യേകമായ അലോട്ട്മെന്റ് വേണമെന്ന് ആവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് ഈ മാസം തരാമെന്ന് പറഞ്ഞു. ഈ മാസം 25 കിലോ കൊടുക്കാനുള്ള അരി കണ്ടെത്തി. റേഷൻ കൊടുക്കുന്നതിലെ ഏകവ്യത്യാസം, ഏപ്രിൽ-മേയ് മാസങ്ങളിൽ 25 കിലോ അരി കൊടുക്കുന്നിടത്ത് 18 കിലോ അരിയായി. ജൂൺ മാസം മുതൽ അത് പുന:സ്ഥാപിക്കുകയും ചെയ്യും. ബാക്കിയെല്ലാം കൊടുത്തുകൊണ്ടിരിക്കുന്നതാണ് ഞാൻ പറഞ്ഞത്. എവിടെയെങ്കിലും കിട്ടുന്നില്ലെങ്കിൽ ഇവിടെ പറയാം, അല്ലെങ്കിൽ എഴുതിത്തരാം, അത് പരിശോധിക്കും. ഒരു മണിക്കൂർ സമയം ശ്രീ. അനൂപ് ജേക്കബും ഞാനുംകൂടി പുറത്തുവച്ച് ഉദ്യോഗസ്ഥന്മാരുമായി ബന്ധപ്പെട്ട് എല്ലാ കാര്യങ്ങളും പരിശോധിച്ചശേഷം പറയുന്നതാണിത്.

ശ്രീമതി കെ. കെ. ലതിക: സർ, വടകര താലൂക്കിലെ റേഷൻ ഗോതമ്പ് മുഴുവനും സിവിൽ സപ്ലൈസിന്റെ ചാക്കിൽത്തന്നെ മറിച്ചുവിൽക്കുന്നത് പിടിച്ചു. ഡ്രൈവറുടെയും വണ്ടിയിലുണ്ടായിരുന്ന ഒരാളുടെയും പേരിൽ മാത്രമാണ് കേസ് എടുത്തിട്ടുള്ളത്. ഇത് മറിച്ചുവിൽക്കുന്ന ആളുകളുടെ പേരിൽ കേസ്സെടുത്തിട്ടില്ല. ഇപ്പോൾ വടകര താലൂക്കിലെ എല്ലാ റേഷൻ കടകളിലും പോലീസ് പരിശോധന നടത്തുകയാണ്. സിവിൽ സപ്ലൈസിന് കൊടുക്കുന്നതുപോലെ പോലീസിനും കൊടുക്കണമോയെന്ന് പറഞ്ഞുകൊണ്ട് വടകരയിലെ മുഴുവൻ റേഷൻ കടകളും 7-ാം തീയതി മുതൽ അടച്ചിട്ടിരിക്കുകയാണ്. ഈ വിഷയം ഞാൻ ഒരു സബ്മിഷനായി കൊടുത്തിട്ടുണ്ട്. നമ്മുടെ നാട്ടിലെ മുഴുവൻ റേഷൻ അരിയും മറിച്ച് വിറ്റുപോകുമ്പോൾ എവിടെയാണ് ഈ സംവിധാനം? പിടിക്കുന്നുണ്ടെന്ന് നിങ്ങൾ പറയുന്നുണ്ട്;

എവിടെ പിടിച്ചുവെന്നാണ് പറയുന്നത്? അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പറഞ്ഞാൽ ആളുകൾക്ക് സബ്സിഡി അരി കിട്ടുന്നില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇഫക്ടീവായിട്ടുള്ള പരിശോധന നടക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ സമ്മതിച്ചു. അതിൽ റേഷൻ കടക്കാർ പരാതിപ്പെട്ടിരിക്കുന്നു, പോലീസ് നടത്തുന്ന പരിശോധനയിൽ എതിർപ്പ് പ്രകടിപ്പിക്കുന്നു എന്നാണ് പറഞ്ഞത്. ഇപ്പോൾ കൊടുക്കുന്ന സബ്സിഡി അരി എവിടെയെങ്കിലും കിട്ടുന്നില്ലെങ്കിൽ പറയണമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. എ. കെ. ബാലൻ: അട്ടപ്പാടി മേഖലയിലെ പുതൂർ പഞ്ചായത്തിയിലെ ചാവണ്ടിയൂർ കോളനിയിൽ പോയപ്പോൾ നേരിൽക്കണ്ട ഒരു കാര്യം പറയാം, ഒരു കിലോ ഗോതമ്പിന് 10 രൂപയാണ് ഒരു ആദിവാസി സ്ത്രീയിൽ നിന്നും 24-ാം നമ്പർ റേഷൻ കടക്കാരാൻ ഈടാക്കിയ വില. ഇതുഞാൻ സത്യമായിട്ടും പറയുന്നതാണ്, കളവ് പറയുന്നതല്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് ഞാൻ ഇതിനെതിരെ പരാതി എഴുതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാതി അന്വേഷിക്കുന്നതിനായി മന്ത്രി ഡിസ്ട്രിക്ട് സപ്ലൈ ഓഫീസറെ ചുമതലപ്പെടുത്തി. അത് ഒരു ഔദാര്യമായി കൊടുക്കുന്നതാണെന്നും ഈ സ്ത്രീ എ.പി.എൽ. വിഭാഗത്തിൽപ്പെട്ടയാളാണ് എന്നുമാണ് ഡി.ഡി.സി. എന്നോട് പറഞ്ഞത്. ആ റേഷൻ കടയെ സംബന്ധിച്ച് ഒന്ന് അന്വേഷിക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇന്ന് അതിനെതിരെ നടപടി സ്വീകരിക്കും. കാരണം ബഹുമാനപ്പെട്ട മെമ്പർ നേരിട്ട് കണ്ടുബോധ്യപ്പെട്ട കാര്യമാണ്, ഇനി മറ്റൊന്നും നോക്കേണ്ട ആവശ്യമില്ല. നടപടി സ്വീകരിച്ചതിനുശേഷം ബാക്കി കാര്യം ആലോചിക്കാം.

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങ് ഈ പറയുന്ന നടപടികളെല്ലാം എടുത്തുകഴിഞ്ഞിട്ടും എന്തുകൊണ്ടാണ് കേരളത്തിലെ കൺസ്യൂമർ പ്രൈസ് ഇൻഡക്സ് ഇന്ത്യയിൽ ഏറ്റവും ഉയർന്നു തന്നെ നിൽക്കുന്നതെന്ന് വിശദീകരിക്കാമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക്കിനോട്, 65 കിലോഗ്രാം അരി കൊടുക്കുന്ന സമ്പ്രദായം ഇവിടെ നടക്കുന്ന സമയത്ത് ബ്രാൻഡഡ് അരിയുടെ കാര്യത്തെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്. ഞാൻ പറയട്ടെ........(ബഹളം)...... 25 കിലോ ഗ്രാം അരി ഒരു രൂപയ്ക്ക് കൊടുക്കുന്നു. അരിക്കടയിൽ മട്ട അരിക്ക് 16 രൂപ, കുറുവ അരിക്ക് 19 രൂപ, ജയ അരിക്ക് 21 രൂപ, പച്ചരിക്ക് 16 രൂപ എന്നീ നിരക്കിൽ കൊടുക്കുന്നു. ഇവയ്ക്ക് പുറമെയാണ് ഒ.എം.എസ്.എസ് അനുസരിച്ച് പച്ചരി 21 രൂപയ്ക്കും പുഴുക്കലരി 19.50 രൂപയ്ക്കും കൊടുക്കുന്നത്. ഇത്രയും അരി വിതരണം ചെയ്തിട്ടും ബ്രാൻഡഡ് അരിയുടെ വിലയെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബ്രാൻഡഡ് അരിയെക്കുറിച്ചല്ല പറഞ്ഞത് കൺസ്യൂമർ പ്രൈസ് ഇൻഡക്സ് ആണ്. അതിലെ വെയിറ്റേജ് ഓരോന്നിനും എന്തെന്നത് കേന്ദ്ര സർക്കാർ തീരുമാനിക്കുന്നതാണ്. എല്ലാ ഉപഭോക്തൃ ഉത്പന്നങ്ങളും ഉൾപ്പെടുന്നതാണ് ഈ ഇൻഡക്സ്. അത് കേരളത്തിൽ മറ്റ് സംസ്ഥാനങ്ങളെക്കാൾ താരതമ്യേന ഉയർന്നുനിൽക്കുന്നതെന്തെന്നാണ് എന്റെ ചോദ്യം.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ത്രീ ലെയർ സിസ്റ്റത്തിൽ കേരളത്തിൽ അരി വിതരണം ചെയ്യുന്നുവെന്നാണ്. അങ്ങ് പറഞ്ഞത്, ഒ.എം.എസ്.എസ്, അരിക്കട, റേഷൻകട ഈ മൂന്നു സംവിധാനങ്ങളും പൊതുവിതരണമാണ്. ഇത് കേരളത്തിൽ ആദ്യമല്ല. കേരളത്തിൽ കഴിഞ്ഞകാലത്തും കൊടുത്തതാണ്. അങ്ങ് പറഞ്ഞു 2 രൂപയ്ക്ക് അരി കൊടുക്കുന്നു. എത്ര ലക്ഷം പേർക്കാണ് കൊടുക്കുന്നത്. എക്കണോമിക് റിവ്യൂവിൽ പറഞ്ഞിരിക്കുന്നത്. 42.8 ലക്ഷം എ.പി.എൽ കാർഡുകാർക്ക് കഴിഞ്ഞ ഗവൺമെന്റ് 2 രൂപയ്ക്ക് അരി വിതരണം ചെയ്തു. ഇപ്പോൾ 14 ലക്ഷം പേർക്കു പോലും അരി വിതരണം ചെയ്യുന്നില്ല. 2 രൂപയുടെ അരി വിതരണം കാര്യമായി നടക്കുന്നില്ല. ജനങ്ങൾ അരി കിട്ടാതെ ബ്രാൻഡഡ് അരി വാങ്ങാൻ നിർബന്ധിതരായി തീരുകയാണ്. അരി എവിടെ പോകുന്നുവെന്നറിയാൻ എഫക്ടീവായ നടപടിയുണ്ടല്ലോ; എത്ര ക്വിന്റൽ അരി പിടിച്ചെടുത്തു; എത്ര ലിറ്റർ മണ്ണെണ്ണ പിടിച്ചെടുത്തു; അവ എവിടെ പോയി; പിടിച്ചെടുത്ത അരി എന്താണ് സൗജന്യമായി വിതരണം ചെയ്യാത്തത്?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, നിങ്ങൾ പറയുന്നത് മാത്രമാണ് യാഥാർത്ഥ്യമെന്നും അത് അംഗീകരിക്കണമെന്ന് പറയുന്നത് ശരിയല്ല. ഞാൻ ഇവിടെ ത്രീ ലെയർ അരി വിതരണ സംവിധാനത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്, ആ പറഞ്ഞതിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കണം. എനിക്കും അതറിയാൻ താത്പര്യമുണ്ട്. കാരണം ഇത് നടക്കുന്നുണ്ടെന്നാണ് ഞാൻ ധരിച്ചിരിക്കുന്നത്. എവിടെയെങ്കിലും

നടക്കുന്നില്ലെങ്കിൽ അത് നിങ്ങൾ ചൂണ്ടികാണിക്കണം. നമുക്കതിന് പരിഹാര മുണ്ടാക്കണം. ലംഘിക്കുന്നവർക്കെതിരെ നടപടി വേണം.

ശ്രീ. വി.എസ്. സുനിൽ കുമാർ: സർ, അങ്ങ് ഇവിടെ പറഞ്ഞു ബ്രാൻഡഡ് അരിയുടെ കാര്യം ചർച്ച ചെയ്യുന്നതു കൊണ്ടാണെന്ന്. കഴിഞ്ഞ സഭയിൽ അടിയന്തര പ്രമേയം അവതരിപ്പിച്ചപ്പോൾ ഓപ്പൺ മാർക്കറ്റിൽ അരി യുടെ വില 30 രൂപയായിരുന്നു. അങ്ങ് ഇത്രയധികം നടപടി സ്വീകരിച്ച ശേഷം ഓപ്പൺ മാർക്കറ്റിൽ സാധാരണ അരിയുടെ വില 44 രൂപയല്ലേ. 52 പോകട്ടെ. നിങ്ങൾ നടപടി എടുത്ത ശേഷം 32 എങ്ങനെയാണ് 44 ആയത്? അതിന് അങ്ങേയ്ക്ക് മറുപടി പറയാമോ?

ശ്രീ. ഉമ്മൻ ചാണ്ടി: ഞാൻ മറുപടി പറയാം. ഇന്ന് രാവിലെ മാർക്കറ്റിൽ നിന്ന് എഴുതി വാങ്ങിയ അരിയുടെ വില ഇതാണ്. ജയ മുതലായ അരിക്ക് 28, 29, 30 രൂപയാണ്. ......(ബഹളം)......തിരുവനന്തപുരം മാർക്കറ്റിലെ വിലയാണ്. .......(ബഹളം).....ഇന്നത്തെ വിലയാണ്.............(ബഹളം)..........

മി. സ്പീക്കർ: യെസ്.... യെസ്...... ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങ് മറുപടി പറയൂ.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞങ്ങൾ മാർക്കറ്റിലെ വില അറിഞ്ഞുകൊണ്ടു തന്നെയാണ് സഭയിൽ വരുന്നത്. അങ്ങ് ചോദിച്ചറിഞ്ഞ പോലെ, കടയിലെ വിലയൊക്കെ ചോദിച്ചറിഞ്ഞു തന്നെയാണ് വരുന്നത്. അങ്ങ് പറഞ്ഞ കാര്യം വസ്തുതാ വിരുദ്ധമാണ്. അങ്ങയെ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. അങ്ങ് ദയവായി സഭയെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ വില പറയരുത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, .......(ബഹളം)........ ശരി, സമ്മതിച്ചു. പക്ഷെ ഇവിടെ 52 രൂപയുടെ വിലയുമായി വരികയെന്നു പറഞ്ഞാൽ ആ പറഞ്ഞത് കടന്നു പോയി എന്ന് മാത്രമേ പറയാനുള്ളൂ. ബഹുമാനപ്പെട്ട ശ്രീ. തിലോത്ത മൻ സ്കൂൾ കുട്ടികളെ ഗവൺമെന്റ് മറന്നു എന്ന് പറഞ്ഞു. മന്ത്രി ഇവിടെ പറഞ്ഞു, സ്കൂൾ കുട്ടികൾക്ക് പഠനോപകരണങ്ങൾ കൊടുക്കുന്ന സംവി ധാനം ആരംഭിച്ചു. ഇതിനോടകം തന്നെ 7 കോടി രൂപയുടെ പഠനോപകരണങ്ങൾ സ്കൂൾ കുട്ടികൾക്ക് വിറ്റു. കഴിഞ്ഞ വർഷത്തെക്കാൾ 30 ലക്ഷം രൂപ കൂടുതലാണ്. ബഹുമാനപ്പെട്ട തിലോത്തമൻ ഒരു കാര്യം മറക്കരുത്, ഈ വർഷം ഈ ഗവൺമെന്റ്............ധനകാര്യ വകുപ്പുമന്ത്രി അക്കാര്യത്തിൽ വളരെ ഉദാരമായ തീരുമാനമെടുത്തു. 100 കോടിരൂപയാണ് സ്കൂൾ കുട്ടികളുടെ യൂണിഫോമിന് വേണ്ടി മാറ്റിവച്ചിരിക്കുന്നതെന്ന കാര്യം മറക്കരുത്. രണ്ട് ജോഡി യൂണിഫോം........കൊടുക്കാൻ പോവുകയല്ലേ..... സ്കൂൾ തുറക്കുന്നതിന് മുമ്പ് കൊടുക്കാൻ പറ്റുമോ? 80 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിച്ചാണ് ധനകാര്യ വകുപ്പുമന്ത്രി അനൗൺസ് ചെയ്തത്. ഇന്നലെ ഞങ്ങൾ അതിനെക്കുറിച്ച് ഒരു അവലോകന മീറ്റിംഗ് നടത്തി. അതിൽ 100 കോടി രൂപയാകുമെന്നാണ് ഉദ്യോഗസ്ഥർ ധരിപ്പിച്ചിട്ടുള്ളത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, എത്ര മാസം കൊണ്ട് കുട്ടികൾക്ക് യൂണിഫോം കിട്ടും. അടുത്ത വർഷമാകുമോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: ബഹുമാനപ്പെട്ട അംഗം ശ്രീ. കോടിയേരി ബാലകൃഷ്ണൻ സ്കൂളിലൊന്നന്വേഷിച്ചാൽ മതി. അവിടെ

എല്ലാ പാഠപുസ്തകവും സ്കൂൾ തുറക്കുന്ന ദിവസം കിട്ടിയോയെന്നന്വേഷിച്ചാൽ മതി.......... (ബഹളം)....... ഞാൻ അത് പറയാം...മുമ്പൊരിക്കലുമില്ലാത്ത വിധത്തിൽ സ്കൂൾ തുറക്കുന്ന ദിവസം എല്ലാ സ്കൂളിലും പാഠപുസ്തകമെത്തിച്ച ഈ ഗവൺമെന്റ് യൂണിഫോമും യഥാസമയത്ത് എത്തിക്കും.

ശ്രീ. എം.എ. ബേബി: സർ, വയനാടുൾപ്പെടെ പല വടക്കൻ ജില്ലകളിലും പാഠപുസ്തകങ്ങൾ കിട്ടിയിട്ടില്ലായെന്നുള്ള കാര്യം പത്രങ്ങളിൽ വന്ന് എല്ലാവരും വായിച്ചതാണ്. എല്ലാവർക്കും അറിയാവുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷിക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, പാഠപുസ്തകം പ്രിന്റ് ചെയ്ത് കൊടുക്കുന്നതിന്റെ ഉത്തരവാദിത്വം തൃക്കാക്കരയിലുള്ള എ.ഡി.പി.എസ്.-നാണ്. ദിവസങ്ങൾക്ക് മുമ്പു തന്നെ 100% പാഠപുസ്തകങ്ങളും പ്രിന്റ് ചെയ്തു കഴിഞ്ഞുവെന്നും ഡിസ്ട്രിബ്യൂഷൻ കംപ്ലീറ്റായിട്ടുണ്ടെന്നും അതിന്റെ എം.ഡി. കഴിഞ്ഞ ദിവസം എന്നെ തന്നെ നേരിട്ട് വിളിച്ചു പറഞ്ഞു. സ്കൂൾ കുട്ടികളുടെ പാഠപുസ്തകത്തിന്റെ കാര്യത്തിലാണെങ്കിലും യൂണിഫോമിന്റെ കാര്യത്തിലാണെങ്കിലും ഇതുപോലൊരു തീരുമാനം ഒരു ഗവൺമെന്റ് എടുക്കുമോ? ഇത്രയും വലിയ സാമ്പത്തിക ബാദ്ധ്യത ഒന്നിച്ച് ഏറ്റെടുത്തുകൊണ്ട് കൊടുക്കാൻ ഞങ്ങൾ തീരുമാനിച്ചു. അത് പറഞ്ഞ സമയത്ത് തന്നെ കൊടുക്കും. വിലക്കയറ്റം ഉണ്ടായിട്ടില്ല എന്നു ഞാൻ ഒരിക്കലും പറയില്ല. പക്ഷേ ആ വിലക്കയറ്റത്തെ ഗവൺമെന്റ് എങ്ങനെ സമീപിക്കണം; ഗവൺമെന്റിന്റെ നടപടികളോട് പ്രതിപക്ഷം എങ്ങനെ സമീപിക്കണം; ജനങ്ങൾക്ക് ആശ്വാസം നൽകാൻ വേണ്ടി ഞങ്ങൾ നടത്തുന്ന ആത്മാർത്ഥമായ ശ്രമങ്ങൾ, അതിനകത്ത് വീഴ്ചകളുണ്ടെങ്കിൽ

കുറവുകളുണ്ടെങ്കിൽ പോരായ്മകളുണ്ടെങ്കിൽ നിങ്ങൾ ചൂണ്ടിക്കാണിക്കണം. ഞങ്ങൾ അത് ഉൾക്കൊള്ളാൻ തയ്യാറാണ്. അതല്ലാതെ ഇതൊന്നും ശരിയല്ല, ബ്രാൻഡഡ് അരിയുടെ വിലയാണ് ഈ സംസ്ഥാനത്തെ അരിയുടെ വില എന്നു പറയുന്ന രീതി തെറ്റാണ്. യാഥാർത്ഥ്യബോധത്തോടു കൂടി നമ്മൾ പ്രശ്നത്തെ കാണണം. അതിന് പരിഹാരമുണ്ടാക്കണം. വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ ഈ ഗവൺമെന്റ് എല്ലാ നടപടികളും സ്വീകരിക്കും. അതിന് പ്രതിപക്ഷത്തിന്റെയും സഹകരണം അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ സ്വർഗ്ഗലോകത്ത് എന്തോ ഒക്കെ സംഭവിച്ചിരിക്കുന്നതു സംബന്ധിച്ച് അദ്ദേഹമിവിടെ വിവരിച്ചു. കേരളത്തിൽ അദ്ദേഹമിവിടെ പറഞ്ഞതുപോലുള്ള കാര്യങ്ങളൊന്നും തന്നെ - ഒരു രൂപയ്ക്ക് ഇത്രകിലോ അരി, രണ്ടു രൂപയ്ക്ക് ഇത്രകിലോ അരി, സ്കൂൾ കുട്ടികൾക്ക് പാഠപുസ്തകങ്ങൾ, ബാഗുകൾ ഇതെല്ലാം ശരിയായി കൊടുത്തു കൊണ്ടിരിക്കുകയാണെന്നാണ് എവിടെ? ശ്രീ. ഉമ്മൻ ചാണ്ടിയുടെ സ്വർഗ്ഗ ലോകത്തിൽ. അദ്ദേഹത്തിന്റെ സ്വർഗ്ഗലോകത്താണ് ഇതെല്ലാം നടന്നിട്ടുള്ളത്. കേരളത്തിൽ അങ്ങനെ ഒരു സംഭവമേയില്ല. കേരളത്തിലുള്ള യഥാർത്ഥ കാര്യ ങ്ങളാണ് ജനപ്രതിനിധികൾ ഇവിടെ വളരെ വിശദമായി സംസാരിച്ചത്. അത് അംഗീകരിച്ചാൽ കള്ളം പുറത്താകുമെന്നുള്ളതുകൊണ്ട് അംഗീകരിക്കാൻ കൂട്ടാക്കാതെ പൊതുമാർക്കറ്റിലെ വില പറഞ്ഞുകൊണ്ട് അദ്ദേഹമിവിടെ കര ഞ്ഞുകൊണ്ട് സംസാരിച്ചു. പൊതുമാർക്കറ്റിലെ വില കൂടാൻ കാരണം

യഥാർത്ഥത്തിൽ റേഷൻ കടകൾ വഴിയും മറ്റുമൊക്കെ കൊടുക്കേണ്ടതായിട്ടുള്ള അരിയും മറ്റു സാധനങ്ങളും അതുവഴി കൊടുക്കാതിരിക്കുന്നതുകൊണ്ടല്ലേ? എഫ്.സി.ഐ. ഗോഡൗണുകളിലെ അരി കരിഞ്ചന്തയിൽ പോകുകയാണ്. ആ അരി സമയത്ത് കൊടുക്കാതിരിക്കുന്നതിന്റെ ഫലമായി പുഴുവരിക്കുകയാണ്. ഇതെല്ലാം ഇവിടെ വന്നുകൊണ്ടിരിക്കുന്ന വാർത്തകളാണ്. ഇതൊന്നും ഇവിടെ പറഞ്ഞിട്ട് കാര്യമില്ല. ഭക്ഷ്യ വകുപ്പുമന്ത്രി തന്നെ നാലുകേസിലെ പ്രതിയാണ്. നാലു കേസിലെ പ്രതിയായിട്ടുള്ള ശ്രീ. അനൂപ് ജേക്കബിനു വേണ്ടിയിട്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതെല്ലാം ന്യായീകരിച്ചത്. അദ്ദേഹത്തിന്റെ വാറണ്ട് പുറത്ത് നിൽക്കുകയാണ്. വകുപ്പുമന്ത്രി എന്നുള്ള നിലയിൽ നിയമസഭയിൽ ഇരിക്കുന്നതുകൊണ്ട് അദ്ദേഹത്തെ പിടിക്കുന്നില്ല, അല്ലെങ്കിൽ പിടിച്ച് ജയിലിൽ കൊണ്ടുപോകുമായിരുന്നു. ആ തരത്തിലുള്ള വളരെ അപമാനകരമായ ഭരണമാണ് ഭക്ഷ്യരംഗത്ത് നിങ്ങൾ കാഴ്ചവച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ ഗവൺമെന്റിന്റെ തെറ്റായ, വഞ്ചനാപരമായ തട്ടിപ്പ് ഭരണത്തെ ഞങ്ങൾ വളരെ ശക്തമായി എതിർക്കുന്നു. അതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. സി. ദിവാകരൻ: സർ, വിലക്കയറ്റത്തിന്റെ അടിസ്ഥാനപരമായ കാരണങ്ങളാണ് നമ്മൾ ചർച്ച ചെയ്യേണ്ടത്. വിലക്കയറ്റം ആരുടെയും സൃഷ്ടിയല്ല. സാഹചര്യങ്ങളാണ് വിലക്കയറ്റത്തിന് വഴിതെളിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ അടിക്കടിയുള്ള പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധ

നവ് മൂലമാണ് ഇന്ത്യാ മഹാരാജ്യത്തെ ജനങ്ങൾക്ക് ഇന്ന് ഈ വിലക്കയറ്റം അനുഭവപ്പെടുന്നത്. മുഖ്യമന്ത്രി പറയുന്നതുപോലെ കേരളത്തിൽ എല്ലാവരും കംഫർട്ടബിളല്ല. യാഥാർത്ഥ്യങ്ങളെ കണ്ണടച്ച് ഇരുട്ടാക്കരുത്. റേഷൻ കടകളിൽ പലപ്പോഴും അരി കിട്ടുന്നില്ല, സത്യമാണ്. ഒരു കാര്യം ഞാൻ ചോദിക്കട്ടെ, കേരളത്തിനാവശ്യമായ റേഷൻ വിഹിതം നൽകാൻ ഇന്നും കേന്ദ്രഗവൺമെന്റ് തയ്യാറല്ല. അങ്ങ് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ? 1,13,448 ടൺ അരി നമുക്ക് കിട്ടേണ്ടതാണ്. അത് കേന്ദ്രം തരുന്നില്ല. നമുക്കർഹമായ മണ്ണെണ്ണയും പഞ്ചസാരയും തരുന്നില്ല, എന്തുകൊണ്ട് തരുന്നില്ല? നിങ്ങളുടെ പാർട്ടിയുടെ ആളാണ് കേന്ദ്രമന്ത്രി. 400 ഗ്രാം പഞ്ചസാരയാണ് നൽകുന്നത്, അതും ബി.പി.എൽ. കാർക്കുമാത്രം. ഈ പഞ്ചസാര വല്ലപ്പോഴുമാണ് കൊടുക്കുന്നത്. മണ്ണെണ്ണ ന്യായമായി കിട്ടുന്നില്ല. മണ്ണെണ്ണ ഐ.ഒ.സി.-യിൽ നിന്നും വാങ്ങി സബ്സിഡി റേറ്റിൽ കൊടുക്കാമെന്ന് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരു സ്കീം കൊണ്ടു വന്നതാണ്. ഐ.ഒ.സി.-യിൽ ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് 45 രൂപയാണ് വില. എന്നാൽ ഓപ്പൺ മാർക്കറ്റിലെ വില 80 മുതൽ 95 രൂപ വരെയാണ്. ഒരു ലിറ്ററിന് 25 രൂപ സബ്സിഡിയിട്ട് തീരപ്രദേശങ്ങളിൽ കൊടുക്കാം, അതിന് ഒരു നടപടിയും എടുക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് പ്രതിപക്ഷത്തിരുന്നപ്പോൾ കുരുത്ത നെല്ല് എന്റെ വീട്ടിൽ കൊടുത്തയച്ച പ്രതിപക്ഷ നേതാവാണ്. അങ്ങ് കേൾക്കാൻ വേണ്ടി പറയുകയാണ്. അതുപോലെ വിലക്കയറ്റം വന്നപ്പോൾ എന്റെ ഭാര്യയോട് ചോദിക്കാൻ പറഞ്ഞ അന്ന് പ്രതിപക്ഷത്തിരുന്ന മന്ത്രിമാർ ഇന്ന് ഇവിടെയിരിപ്പുണ്ട്. എത്ര രൂക്ഷമാണ് വിലക്കയറ്റം. നിങ്ങളെന്തിനാണ്

കണ്ണടയ്ക്കുന്നത്? അത് അംഗീകരിച്ചു കൂടേ? അംഗീകരിച്ചു കൂടുതൽ നടപടികൾ എടുത്തുകൂടേ? അഴിമതിക്കെതിരായി വലിയ കാര്യങ്ങൾ നടത്തിയെന്ന് പറഞ്ഞു. ഒറ്റ ഉദാഹരണം പറയാം. ഇത് മാതൃഭൂമി പത്രമാണ്. “കൈക്കൂലിയുമായി പിടിയിലായ ജില്ലാ സപ്ലൈ ഓഫീസറിന് വയനാട്ടിൽ നിയമനം”- കൊല്ലത്ത് ഒരു ഹോട്ടലിലിരുന്ന് ഒരു ലക്ഷം രൂപ കോഴ വാങ്ങിക്കൂട്ടിയ ഒരു ഡി.എസ്.ഒ. യെ പോലീസ് വിജിലൻസ് പിടികൂടി. പിടികൂടിയ ആൾ മുങ്ങി. കഴിഞ്ഞ രണ്ടുമാസവുമായി അയാൾക്ക് ഒരു നിയമനവുമില്ലായിരുന്നു. അയാളുടെ പേരിൽ എൻക്വയറിയില്ല. അയാളിപ്പോൾ വയനാട്ടിൽ ഡി.എസ്.ഒ. യാണ്. ഈ ഒറ്റ ഉദാഹരണം മതിയല്ലോ? ഇത് മന്ത്രിയുടെ പേരിലുള്ള ആരോപണമായി ഞാൻ പറയുകയല്ല. നിങ്ങൾ ഈ അഴിമതിക്കെതിരായി ഒന്നും ചെയ്യുന്നില്ല, ചെയ്യാൻ കഴിയുന്നില്ല എന്നതാണ് സത്യം. പോലീസ് വകുപ്പ് കൈകാര്യം ചെയ്യുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സഹായിക്കണം. പോലീസില്ലാതെ ഇവിടെ റെയ്ഡ് നടക്കില്ല. എല്ലാ ഗോഡൗണുകളും ലൈസൻസില്ലാത്ത ഗോഡൗണുകളാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): സർ, റെയ്ഡ് കൃത്യമായി നടന്നിട്ടുണ്ട്. റെയ്ഡ് നടത്തിയപ്പോൾ ബുദ്ധിമുട്ടുണ്ടായ ചില ആളുകളെക്കുറിച്ചാണ് ബഹുമാനപ്പെട്ട ഒരു അംഗം ഇവിടെ പരാതി പറഞ്ഞത്. രണ്ടു രൂപത്തിലുണ്ട്, നമുക്ക് റെയ്ഡ് നടത്താതിരിക്കാൻ സാദ്ധ്യമല്ല, റെയ്ഡുമായി പോകണം. ആ റെയ്ഡുമായി പോകുമ്പോൾ റെയ്ഡിന് വിധേയരാകുന്ന ആളുകൾ പരാതി പറയും. ആ പരാതി നിയമസഭയിൽ വന്നാൽ ഗവൺമെന്റിന് എന്താണ് ചെയ്യാൻ കഴിയുക?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഡി.എസ്.ഒ. യുടെ കാര്യത്തെ സംബന്ധിച്ചുള്ള വിജിലൻസിന്റെ റിപ്പോർട്ട് ഭക്ഷ്യ വകുപ്പിൽ ലഭിച്ചിട്ടില്ല. എന്റെ മുമ്പിൽ ആ റിപ്പോർട്ട് വരികയാണെങ്കിൽ തീർച്ചയായും നടപടിയെടുക്കും. പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ നടപടിയെടുക്കാൻ സാധിക്കില്ല. രണ്ടാമത്തെ കാര്യം, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭയെ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. മൂന്ന് വിജിലൻസ് പരാതിയിൽ പ്രിലിമിനറി എൻക്വയറിയാണ് ഇപ്പോൾ നടക്കുന്നത് ഞാൻ ഒരു കേസിലും പ്രതിയല്ല. എന്ന് ഞാൻ വ്യക്തമാക്കുകയാണ്.

ശ്രീ. സി. ദിവാകരൻ: സർ, നടപടിക്രമങ്ങളിലെ ഒരു ഘട്ടത്തിൽ മാത്രമേ കേസിൽ പ്രതിയാകൂ. ആദ്യമേ പ്രതിയാകില്ല. ആരോപണങ്ങളെല്ലാം സ്വാഭാവികമായി വരുന്നതാണ്. അതിനെ ശക്തമായി നിഷേധിക്കുകയും കോടതിയിൽ പോയി ജാമ്യം എടുക്കുകയും ചെയ്യാം. പ്രതികളായിട്ടുള്ള നിരവധി പേർ കേന്ദ്ര ക്യാബിനറ്റിൽ ഇരിക്കുന്നുണ്ട്. അതിനെക്കുറിച്ച് ഇപ്പോൾ പറയുന്നില്ല. പിന്നീട് പറയാം. അതുകൊണ്ട് അതൊരു വലിയ ക്ഷീണമല്ല, കേന്ദ്രത്തിലും ഇവിടെയും ഭരണത്തിലിരിക്കുന്ന മിക്കവരും പല കേസ്സിലും പ്രതികളാണ്. അതില്ലായെന്ന് പറയണ്ട. എനിക്ക് തന്ന ഒരു ചോദ്യത്തിന്റെ ഉത്തരത്തിൽ എത്ര മന്ത്രിമാർ എത്ര കേസ്സുകളിൽ പ്രതികളാണെന്ന് തന്നിട്ടുണ്ട്. പിന്നെ അങ്ങ് എന്തിനാണ് ഇതൊക്കെ പറയുന്നത്. ഞാൻ പറഞ്ഞത്, അഴിമതിക്കെതിരായ നടപടി എടുക്കാൻ പോലീസ് ഇടപെടുമ്പോൾ.......... ഇവിടെ പോലീസ് ചെയ്യുന്നത് എന്താണെന്ന് അറിയാമോ? ഈ ലോഡ് കൊണ്ടുവരുന്ന പാവപ്പെട്ട ക്ലീനറെ പ്രതിയാക്കുന്നു. ഹോൾസെയിൽ ലൈസൻസിയെ പിടിക്കുന്നില്ല. അവരുടെ ലൈസൻസ് ക്യാൻസൽ

ചെയ്യുന്നില്ല. ഇതൊക്കെ പറയുന്നത് എത്ര മാത്രം സത്യമുണ്ടെന്ന് എനിക്കറിയില്ല. വളരെ സെൻസിറ്റീവായിട്ടുള്ള ഒരു പ്രശ്നമാണ്. കേരളത്തിൽ ഏത് ഗവൺമെന്റ് ഭരിച്ചാലും നിത്യജീവിതത്തിൽ നിറഞ്ഞുനിൽക്കുന്നതാണ് അടുക്കള മുതൽ പാചകവാതകം, അരി, പഞ്ചസാര, നിത്യോപയോഗ സാധനങ്ങൾ, പച്ചക്കറി സാധനങ്ങൾ, ഭക്ഷണ സാധനങ്ങൾ ഇതെല്ലാം അടങ്ങുന്നതാണ് ഫുഡ് ആന്റ് സിവിൽ സപ്ലൈസ്. മുഖ്യമന്ത്രി പറയുന്നത് പൂർണ്ണമായും ശരിയല്ല. ഞാൻ വായിച്ചത് ശരിയാണെങ്കിൽ സപ്ലൈകോയ്ക്ക് 300 കോടി രൂപയുടെ കടബാധ്യതകളാണ്. സപ്ലൈകോ മുങ്ങാൻ പോവുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എട്ടാമത്തെ മാനേജിംഗ് ഡയറക്ടറാണ് സപ്ലൈകോയിലുള്ളത്. പന്ത്രണ്ടാമത്തെ ഫുഡ് സെക്രട്ടറിയാണ് ഈ വകുപ്പിൽ ഇപ്പോഴുള്ളത്. ഫുഡ് ആന്റ് സിവിൽ സപ്ലൈസിനെ പോലെ സെൻസിറ്റീവായ ജനങ്ങളുടെ ഒരു വകുപ്പിനെ, അനാഥവും കുത്തഴിഞ്ഞതുമാക്കി മാറ്റിയാൽ  വിലക്കയറ്റം നിയന്ത്രിക്കാൻ പറ്റുന്നത് എങ്ങനെയാണ്? ഇതിന് സ്ഥിരം സംവിധാനമുണ്ടോ? ഇതിനകത്ത് വിജിലൻസ് കമ്മിറ്റിയുണ്ടാക്കി,  ആ കമ്മിറ്റി ഇപ്പോഴില്ല. കേന്ദ്രത്തിന്റെ  സഹായത്തോടുകൂടി സ്ഥിരമായി വിലക്കയറ്റം തടയാൻ ഐ.എ.എസ്. ഓഫീസർ തയ്യാറാക്കിയ സമഗ്രമായ ഒരു പദ്ധതി അങ്ങയുടെ വീട്ടിൽ ഞാൻ കൊണ്ടുവന്നു. ആ ഐ.എ.എസ് ഓഫീസർ ഇപ്പോഴും ഉണ്ട്. അങ്ങയുടെ ഓഫീസിനെ മിസ്‌യൂസ് ചെയ്യുന്ന ആളുകളുണ്ട്. അങ്ങയെ തെറ്റിദ്ധരിപ്പിക്കുന്നുണ്ട്. അങ്ങ് അതാണ് ഇവിടെ പറഞ്ഞത്. അങ്ങ് പറഞ്ഞത് ശരിയായതല്ല. കഴിഞ്ഞ കാലത്ത് അങ്ങ് പാളയം മാർക്കറ്റിലെ ഒരു കിലോ തക്കാളിയുടെ വിലയും ചാല മാർക്കറ്റിലെ വിലയും എന്നോട് ചോദിച്ചു. ഞാൻ ഇപ്പോൾ അതൊന്നും ചോദിക്കുന്നില്ല.

ചോദിച്ചാൽ അങ്ങേയ്ക്ക് മറുപടി പറയാൻ കഴിയില്ല. പ്രതിപക്ഷത്തിരിക്കുമ്പോൾ പലതും പറയാം. അങ്ങനെയാണ് അങ്ങ് അന്ന് പറഞ്ഞത്. അങ്ങിന്ന് മുഖ്യമന്ത്രിയാണ്. കേരളത്തിലെ നിയമസഭയിൽ വിലക്കയറ്റത്തെക്കുറിച്ച് പ്രതിപക്ഷം ജനാധിപത്യപരമായി ഒരു അടിയന്തരപ്രമേയം കൊണ്ടുവന്നാൽ സമനിലതെറ്റാതെ അങ്ങ് മറുപടി പറയണം. ഞങ്ങളെ തോൽപ്പിക്കാൻ പറ്റില്ല. ഞങ്ങൾ തോറ്റതുകൊണ്ട് വിലക്കയറ്റം തടയില്ല. അങ്ങ് നടപടി ശക്തമായി എടുക്കണം. ഈ വകുപ്പ് കൈകാര്യം ചെയ്ത ആളെന്ന നിലയിൽ സർവ്വ പിന്തുണയും തരാം. പക്ഷേ അങ്ങ് ഒന്നും ചെയ്യുന്നില്ല. അങ്ങേയ്ക്ക് സമയമില്ല. ആ കാര്യങ്ങളൊക്കെ പിന്നീട് ചർച്ച ചെയ്യാം. ഇന്നലെ ആളുകൾ മരിച്ചപ്പോഴും മെനിഞ്ഞാന്ന് ആദിവാസി കുട്ടികൾ മരിച്ചപ്പോഴും സഭ നിർത്തിവച്ച് ചർച്ച ചെയ്തില്ല. ഇന്ന് പതിനൊന്ന് പേർ വീണ്ടും മരിച്ചു. ഞാൻ ഇന്നലെ പറഞ്ഞതാണ് ഇന്നും മരിക്കുമെന്ന്. നാളെയും മരണമുണ്ടാകും നിങ്ങളൊന്നും ചെയ്യുന്നില്ല. പാവപ്പെട്ടവർ മുതൽ എല്ലാവരെയും വിലക്കയറ്റം ബാധിക്കുന്നതാണ്. അതുകൊണ്ട് ഇന്നും സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ നിങ്ങൾ തയ്യാറല്ല. സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. സാമ്പത്തിക സഹായമൊന്നും കൊടുക്കുന്നില്ല. ശ്രീ. അനൂപ് ജേക്കബ് മിണ്ടാതിരിക്കുകയാണ്. സപ്ലൈകോയ്ക്ക് സാധനങ്ങൾ പർച്ചേസ് ചെയ്യാൻ പണമില്ല. അവർ സപ്ലൈ ചെയ്ത സാധനങ്ങൾക്ക് ഇതുവരെ കാശ് കൊടുത്തിട്ടില്ല. അത് സത്യമാണ്. ഇതുപോലുള്ള ജീവൽപ്രശ്നം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭനിർത്തിവച്ച് ഒരു മണിക്കൂർ ചർച്ച ചെയ്യാനുള്ള മാനസികാവസ്ഥ ഇല്ലാതെ പോയതിൽ അതിയായ ദു:ഖം ഞാൻ രേഖപ്പെടുത്തുന്നു. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മാത്യൂ. റ്റി. തോമസ്: സർ, വിലക്കയറ്റം സൃഷ്ടിക്കുന്ന സാമൂഹിക പശ്ചാത്തലം നിലനിൽക്കുമ്പോൾ സർക്കാർ ചെയ്യാനുള്ളതൊക്കെ ചെയ്യുന്നു വെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച പ്രതിരോധം. വിലക്കയറ്റം സൃഷ്ടിക്കുന്ന എന്ത് സാമൂഹിക പശ്ചാത്തലമാണ് ഇപ്പോൾ നില നിൽക്കുന്നത്. ഏറ്റവും കൂടുതൽ കാർഷിക ഉത്പാദനം നടന്നിരിക്കുന്നത് കഴിഞ്ഞ സാമ്പത്തിക വർഷമെന്നാണ് കേന്ദ്ര ഗവൺമെന്റ് അവകാശപ്പെടു ന്നത്. നമ്മുടെ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെയും വെയർഹൗ സിംഗ് കോർപ്പറേഷന്റെയും ഗോഡൗണുകളിൽ എക്കാലത്തെക്കാളും റിക്കോർഡ് ധാന്യശേഖരമുണ്ട്. വിലക്കയറ്റം സൃഷ്ടിക്കുന്ന സാമൂഹിക പശ്ചാത്തലം അവിടെയില്ല. വിലക്കയറ്റം ഉണ്ടാകാനുള്ള കാരണം കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും ഇപ്പോൾ സിവിൽ സപ്ലൈസിലെ അഴിമതിയു മാണെന്ന് വ്യക്തമായി കഴിഞ്ഞിരിക്കുന്നു. ഇവിടെ ഗവൺമെന്റ് ഇടപെടുന്നു ണ്ടോയെന്ന് തന്നൊണ് പ്രശ്നം. വിലസൂചിക ഇന്ത്യയിൽ ഏറ്റവുമധികം ഉയർന്നുനിൽക്കുന്ന സംസ്ഥാനം കേരളമാണെന്നുള്ളത് നമുക്ക് അഭിമാനി ക്കാൻ കഴിയുന്ന വസ്തുതയല്ല. ഇതിൽ രണ്ടാമത്, ഒറീസ്സയും മൂന്നാമത് മേഘാലയുമാണ്. കേന്ദ്രഗവൺമെന്റിന്റെ മാനദണ്ഡം അനുസരിച്ച് ഒരു ഉപഭോക്താവ് ഏറ്റവുമധികം ചെലവിടുന്ന സംസ്ഥാനം കേരളമാണെന്ന് കേന്ദ്ര ഗവൺമെന്റ് കണ്ടത്തിയതിനുശേഷം അത് വിലക്കയറ്റം സൃഷ്ടിക്കുന്ന സാമൂഹിക പശ്ചാത്തലമാണെന്ന് പറഞ്ഞിരിക്കാൻ നമുക്ക് കഴിയില്ല. ഇവിടത്തെ പ്രശ്നം, വിപണിയിൽ ഇടപെടാൻ സർക്കാരിന് കഴിയുന്നുണ്ടോ

യെന്നുള്ളതാണ്. പൊതു വിപണിയിൽ മാർക്കറ്റ് ഇന്റർവെൻഷൻ.......... കഴിഞ്ഞ നാളുകളിൽ മാർക്കറ്റ് ഇന്റർവെൻഷൻ നടത്തിയിട്ടുണ്ട്. അത് ഏറ്റവും ഫലപ്രദമായി നടന്നിട്ടുള്ളത് നമ്മുടെ സംസ്ഥാനത്താണ്. നമ്മുടെ മാവേലി സ്റ്റോർ, സഹകരണ പ്രസ്ഥാനത്തിലൂടെ ത്രിവേണി സ്റ്റോറുകൾ, സപ്ലൈകോ ഇവയിലൂടെയൊക്കെ പ്രവർത്തിച്ചുകൊണ്ടിരുന്ന ഏറ്റവും മാതൃകാപരമായ പൊതുവിതരണ സമ്പ്രദായം കേരളത്തിലുണ്ടായിരുന്നു. ഇന്ന് ആ മികവ് അവകാശപ്പെടാൻ കഴിയുന്നുണ്ടോ; ഫലപ്രദമായി വിപണിയിൽ ഇടപെടാൻ ഗവൺമെന്റ് സംവിധാനത്തിന് കഴിയുന്നുണ്ടോ? ഇല്ലെന്നാണ് ഫലങ്ങൾ വ്യക്തമാക്കികൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് ജനങ്ങൾ വാങ്ങി ഉപയോഗിക്കേണ്ടി വരുന്ന എല്ലാ ഉപഭോഗ വസ്തുക്കൾക്കും വില വർദ്ധിക്കുകയാണ്. നാട്ടിൽ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് വിലയില്ല. ജനങ്ങൾ വാങ്ങേണ്ടി വരുന്ന എല്ലാ ഉപഭോഗ വസ്തുക്കൾക്കും വില വർദ്ധിക്കുന്ന സമ്പ്രദായം ഇവിടെ ഉണ്ടായതിനുശേഷം അത് വിലക്കയറ്റം സൃഷ്ടിക്കുന്ന സാമൂഹിക പശ്ചാത്തലത്തിൽ കേരളത്തിലെ സർക്കാർ ഇടപെടുന്നുവെന്ന് പറഞ്ഞിട്ട് കാര്യമില്ല. സപ്ലൈകോയ്ക്ക് കൊടുത്തിരിക്കുന്ന നിർദ്ദേശം എന്താണ്? സബ്സിഡിയിതര സാധനങ്ങൾ വിറ്റ് ലാഭമുണ്ടാക്കി ആ ലാഭം കൊണ്ട് സപ്ലൈകോയുടെ സ്ഥാപനങ്ങൾ നിലനിൽക്കണമെന്നാണ് ഗവൺമെന്റിന്റെ നിലപാട്. ഗവൺമെന്റ് അങ്ങോട്ട് സഹായിക്കുന്ന സ്ഥാപനമായി സപ്ലൈകോ മാറാൻ പാടില്ലായെന്ന് പറയുമ്പോൾ പൊതുവിപണിയിലെ ഇടപെടൽ നാമമാത്രമായി മാറുകയാണ്. പൊതുവിപണിയിൽ ഇടപെടണമെങ്കിൽ സിവിൽ സപ്ലൈസ് വകുപ്പ് മാത്രമല്ല സഹകരണപ്രസ്ഥാനങ്ങൾ, ത്രിവേണി സ്റ്റോറുകൾ ഇവയിലൂടെ സാധനങ്ങൾ എത്തിച്ചുകൊടുക്കുന്ന സ്ഥാനത്ത് റീട്ടെയിൽ ഷോപ്പുകളിലൊന്നും ഇന്ന് മതിയായ സാധനങ്ങൾ

വാങ്ങിവയ്ക്കാൻ കഴിയുന്നില്ല. പലതും കാലിയായി കിടക്കുകയാണ്. നിലവിലിരിക്കുന്ന നമ്മുടെ സംവിധാനങ്ങളെ ശക്തിപ്പെടുത്തികൊണ്ട് ഫലപ്രദമായി പൊതുവിപണിയിൽ ഇടപെടാൻ കഴിയുന്ന ആർജ്ജവം സംസ്ഥാന സർക്കാർ കാട്ടണം. ആർജ്ജവം കാണിക്കണമെന്ന് പറയുമ്പോൾ സംസ്ഥാന സർക്കാർ ചർച്ചയ്ക്കെങ്കിലും തയ്യാറാകണ്ടേ. ചർച്ചപോലും നടത്താൻ തയ്യാറാകാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷി അംഗങ്ങളും വാക്കൗട്ട് നത്തുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യൂ.റ്റി.തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. എ. എ. അസീസ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബ്രാൻഡഡ് അരിയുടെ വിലയെക്കുറിച്ചാണ് പ്രധാനമായും പറഞ്ഞത്. ഇന്നലെ പ്രമുഖ ദിനപത്രത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിലവിവര പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. പാളയം മാർക്കറ്റിലുൾപ്പെടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ പറയുന്നത് ഒരാഴ്ച കൊണ്ട് എല്ലായിനം അരിക്കും 12 രൂപ വില വർദ്ധിച്ചുട്ടുണ്ടെന്നാണ്. വെള്ള അരി -35 രൂപയും ബ്രാൻഡഡ് അരി- 50 രൂപ, പച്ച അരി - 32 രൂപ എന്നിങ്ങനെയാണ് വർദ്ധിച്ചിരിക്കുന്നത്. മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് വെള്ള അരിക്ക് 28 രൂപയെന്നാണ്. വെള്ള അരിക്ക് 28 രൂപ അല്ല 35 രൂപയന്നൊണ് ഒരു പത്രം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഏതെങ്കിലും ഉദ്യോഗസ്ഥൻ കൊടുത്ത കണക്കായിരിക്കാം . ആ പത്രം തന്നെ പറയുന്നത്, സർക്കാരിന് വിപണിയിലുള്ള നിയന്ത്രണം നഷ്ടമായി. വ്യാപാരികൾ മുതലെടുത്തുകൊണ്ടിരിക്കുകയാണ്. കുത്തഴിഞ്ഞുകിടക്കുന്ന സിവിൽ

സപ്ലൈസിന്റെ റെയിഡുകൾ പ്രഹസനമാകുമ്പോൾ പോലീസാണ് വല്ലപ്പോഴും കരിഞ്ചന്തക്കാരെ പിടികൂടുന്നത്. ത്രിവേണിയിലും സിവിൽസപ്ലൈസ് ഔട്ട്ലെറ്റുകളിലും പല സാധനങ്ങളും വിപണിയേക്കാൾ വില കൂടുതലാണ്. അരി വില 40 രൂപയോട് അടുത്തപ്പോൾ 28 രൂപയ്ക്ക് മുകളിലേയക്ക് വില ഉയരുകയില്ലെന്ന് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രിയും വില നിയന്ത്രിക്കാൻ കർശന നടപടിയെടുത്തിട്ടുണ്ടെന്ന് മുഖ്യമന്ത്രിയും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതെല്ലാം പാഴ് വാക്കായി. ഇത് അഴിമതിക്ക് വകയിരുത്തുന്ന മറ്റൊരു കാര്യമാണ് നേരത്തെ ശ്രീ.സി. ദിവാകരൻ ചൂണ്ടിക്കാണിച്ചത്. എന്റെ ജില്ലയിലാണ് ഒരു സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥൻ ഒരു ലക്ഷം രൂപ കൈക്കൂലി വാങ്ങിയത്. വിജിലൻസ് ഉദ്യോഗസ്ഥന്മാർ കയ്യോടെ പിടിച്ചു. അത് മന്ത്രി അറിഞ്ഞില്ല. മന്ത്രി അറിയാത്തതുകൊണ്ടാണ്...... അയാൾ ഒളിവിൽ പോയി. ഒളിവിൽ പോയ ആളിനെ വയനാട് സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥനായി നിയമിച്ചു. പത്രങ്ങളിൽ വലിയ വാർത്തയായി വന്നതാണ്. ആ ഫയൽ വരാത്തതുകൊണ്ടാണ് അദ്ദേഹത്തിനെതിരെ നടപടി സ്വീകരിക്കാത്തതെന്ന് പറഞ്ഞു. ഫയൽ വരുമ്പോൾ നടപടി സ്വീകരിക്കുമോ?. ഒരു ലക്ഷം രൂപ കൈക്കൂലി വാങ്ങിയ സിവിൽ സപ്ലൈസ് ഓഫീസർ ഒളിവിൽ പോയിട്ടും വിജിലൻസ് പിടിച്ച കേസ് ഇതുവരെ വകുപ്പുമന്ത്രി അറിഞ്ഞില്ലെന്ന് പറഞ്ഞാൽ അപമാനകരമല്ലേ. അങ്ങനെയൊരു മറുപടി തൃപ്തിപ്പെടാവുന്നതാണോ? ഒരു മറുപടിക്ക് വേണ്ടി ഒരു മറുപടി പറഞ്ഞ് അപമാനിതനാകരുത്. അത്തരത്തിലുള്ള അഴിമതികൾ നടക്കുന്നതുകൊണ്ട് വിപണി നിയന്ത്രിക്കാൻ ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രിക്ക് കഴിയില്ല. അടിയന്തര

പ്രമേയം ചെയ്യാൻ കൂട്ടാക്കാത്ത ഗവൺമെന്റ് നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. എ.കെ. ശശീന്ദ്രൻ: സർ, ഇവിടെ വിലക്കയറ്റത്തെക്കുറിച്ചുള്ള ചർച്ച അടിയന്തര പ്രമേയത്തിലൂടെ വേണമെന്നാവശ്യപ്പെട്ടപ്പോൾ അതിന്റെ ആവശ്യമില്ല; ഇവിടെ എല്ലാം ഭദ്രമാണ് എന്ന നിലപാടാണ് വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും സ്വീകരിച്ചിട്ടുള്ളത്. മാർക്കറ്റിൽ വിലക്കയറ്റമുണ്ടാകുമ്പോൾ പൊതുവിതരണ മേഖല ഇടപെട്ടാൽ വിലക്കയറ്റം നിയന്ത്രിക്കാൻ കഴിയുമെന്ന വിശ്വാസത്തിലാണ് നാം ഇതുവരെ ജീവിച്ചുപോന്നിട്ടുള്ളത്. പക്ഷേ ഇവിടെ ഫലപ്രദമായ നടപടികൾ സ്വീകരിച്ചോ? ചെയ്യാനൊന്നും ബാക്കിയില്ല, ഒരു ഗവൺമെന്റിന് സാദ്ധ്യമായതെല്ലാം ചെയ്തിട്ടുണ്ട് എന്ന് മുഖ്യമന്ത്രി ഉൾപ്പെടെ അവകാശപ്പെടുമ്പോൾ എങ്ങനെയാണ് മാർക്കറ്റിൽ നിത്യോപയോഗ സാധനങ്ങൾക്ക് വിലക്കയറ്റം ഉണ്ടാകുന്നത്. അവിടെ എവിടെയോ തകരാറുണ്ട് എന്നല്ലേ അതിനർത്ഥം. ആ തകരാർ എന്താണെന്ന് കണ്ടുപിടിച്ച് അവിടെ ഇടപെടുമ്പോഴാണ് ജനങ്ങളെ രക്ഷിക്കാൻ ഭരണകൂടത്തിന് കഴിയുക. അതാണ് ചർച്ച ചെയ്യേണ്ടത്. അങ്ങനെ ചർച്ചയിലൂടെ യഥാർത്ഥ കാരണങ്ങൾ കണ്ടെത്തി വിലക്കയറ്റത്തിന്റെ കെടുതിയിൽ നിന്നും ജനങ്ങളെ രക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാനുള്ള മനോഭാവംപോലും ഗവൺമെന്റ് പ്രകടിപ്പിക്കുന്നില്ല. ഇവിടെയാണ് ഈ ഗവൺമെന്റ് ജനവിരുദ്ധമായ നയങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ഒരു ഗവൺമെന്റാണെന്ന് പറയേണ്ടിവരുന്നത്. അങ്ങനെ

ജനവിരുദ്ധ നിലപാട് സ്വീകരിക്കുന്ന ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ശ്രദ്ധക്ഷണിക്കൽ)